മാധ്യമം ● ഞായർ ● 15 ജനുവരി 2017 ● ലക്കം 1496

# വാരാദ്യ മാധ്യമം

varadyam@madhyamam.in



photo courtesy: www.randomhouseindia.files.wordpress.com

സുധ മൂർത്തി

**ആൺകുട്ടികൾ മാത്രം എൻജിനീയറിങ്ങിന് ചേർന്നിരുന്ന കാലത്ത് കോളജിലെ ഏക വിദ്യാർഥിനിയായെത്തുകയും പ്രമുഖ വ്യവസായഗ്രൂപ്പായ ടാറ്റ കമ്പനിയിൽ സ്ത്രീകൾക്ക് ജോലി നൽകില്ലെന്ന നയം തിരുത്തിക്കുകയും സാമൂഹിക പ്രവർത്തനത്തിലും എഴുത്തിലും മിന്നിത്തിളങ്ങുകയും ചെയ്ത ഒരു സ്ത്രീയുടെ അസാധാരണ ജീവിതകഥ**

# സേവനം പോരാട്ടം സുധാമയം

## എ.പി. നൗഷാദ്

**വ**ർഷം 1967. കർണാടകയിലെ ഹുബ്ലിയിലുള്ള ബി.വി.ബി കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ അഡ്മിഷൻ സമയത്ത് എല്ലാ കണ്ണുകളും ഒരാളിലേക്ക് കേന്ദ്രീകരിച്ചു. കോളജിന്റെ ചരിത്രത്തിലാദ്യമായി ഒരു പെൺകുട്ടി പ്രവേശനത്തിനായി പിതാവിനൊപ്പം ശിരസ്സുയർത്തി പടികയറി വരുന്നു. പെൺകുട്ടികൾ എൻജിനീയറിങ്ങിന് ചേർന്നാൽ വിവാഹം ശരിയാവില്ലെന്നുപറഞ്ഞ് ബന്ധുക്കളും കൂട്ടുകാരും അയൽവാസികളുമൊക്കെ പിന്തിരിപ്പിക്കാൻ ആവുന്നത്ര ശ്രമിച്ചതാണ്. അതൊന്നും വകവെക്കാതെയാണ് വരവ്.

അങ്ങനെ 250 വിദ്യാർഥികളുള്ള കോളജിൽ ഒരു പെൺകുട്ടിയുടെ സാന്നിധ്യമറിഞ്ഞു. പിന്നെ ഈ തന്റേടത്തെയൊന്ന് പുറത്തിടാനായി സഹപാഠികളുടെ ശ്രമം. എന്നാൽ, മനസ്സിലുറപ്പിച്ച ലക്ഷ്യം പൂർത്തീകരിക്കാതെ തിരിച്ചുപോകില്ലെന്ന വാശിയിലായിരുന്നു ആ 17കാരി. അതും അഞ്ചുവർഷത്തിനിടെ ഒരു ക്ലാസ് പോലും മുടക്കാതെ. മുടങ്ങിയാൽ ഒരാളും ആ ദിവസത്തെ നോട്ട് നൽകില്ലെന്ന് ബോധ്യമുള്ളതിനാൽ രോഗങ്ങൾക്കുപോലും പിടികൊടുക്കാതെയാണ് അവളെത്തിയത്. തന്നെ വീട്ടിലിരുത്താൻ തുനിഞ്ഞവരോടുള്ള പ്രതികാരം അവൾ തീർത്തത് പരീക്ഷകളിലൂടെയായിരുന്നു. ഒന്നിൽ പോലും അവളെ പിന്നിലാക്കാൻ ആണായി പിറന്നവർ ആരുമുണ്ടായില്ല.

1972ൽ ഇലക്ട്രിക്കൽ എൻജിനീയറിങ് പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചപ്പോൾ മുഖ്യമന്ത്രിക്കരികെ സ്വർണമെഡലുമായി അവൾ അഭിമാനത്തോടെ നിന്നു. സുധ കുൽക്കർണിയെന്നും പിന്നീട് സുധ മൂർത്തിയെന്നും അറിയപ്പെട്ട അവൾ രാജ്യത്തിന്റെ പെൺകരുത്തിന്റെ പ്രതീകമായി. രാജ്യത്ത് വിവരസാങ്കേതികവിദ്യയുടെ വിപ്ലവം സൃഷ്ടിച്ച 'ഇൻഫോസിസ്' എന്ന കമ്പനിയുടെ പിറവിക്ക് കാരണക്കാരിയായും സാമൂഹികപ്രവർത്തകയായും എഴുത്തുകാരിയായും അധ്യാപികയായുമെല്ലാം നിറഞ്ഞുനിന്നു.

### ടാറ്റയെ തിരുത്തിച്ച തന്റേടം

ഇലക്ട്രിക്കൽ എൻജിനീയറിങ് പഠനം പൂർത്തീകരിച്ച സുധ ഉപരിപഠനത്തിന് തെരഞ്ഞെടുത്തത് 'ടാറ്റ' സ്ഥാപിച്ച മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്. 1974ൽ എം.ടെക് കമ്പ്യൂട്ടർ സയൻസ് ബാച്ചിലെ ഒരേയൊരു പെൺകുട്ടി കോഴ്സ് പൂർത്തീകരിക്കുമ്പോൾ സ്വപ്നം കണ്ടത് ഒരു പിഎച്ച്.ഡിയായിരുന്നു. ഇന്ത്യയിൽ ജോലിക്കുചേരാൻ താൽപര്യമില്ലാതിരുന്ന അവൾക്ക് അമേരിക്കയിലെ പ്രമുഖ സർവകലാശാലകളിൽനിന്ന് പിഎച്ച്.ഡി പഠനത്തിന് വാഗ്ദാനങ്ങളും ലഭിച്ചിരുന്നു. എന്നാൽ, കോഴ്സിന്റെ അവസാനഘട്ടത്തിൽ കോളജ് നോട്ടീസ് ബോർഡിൽ പ്രത്യക്ഷപ്പെട്ട ഒരു അറിയിപ്പ് അവളെ പിടിച്ചുലച്ചു. ഇന്ന് ടാറ്റ മോട്ടോഴ്സ് ആയി മാറിയ ടാറ്റ എൻജിനീയറിങ് ആൻഡ് ലോകോമോട്ടിവ് കമ്പനിയിൽ (ടെൽകോ) എൻജിനീയർ നിയമനത്തിന് ഊർജസ്വലരായ യുവാക്കളെ ക്ഷണിച്ചുള്ളതായിരുന്നു അത്. ഏറ്റവും അടിയിലുള്ള കുറിപ്പാണ് സുധയിലെ പോരാളിയെ പ്രകോപിപ്പിച്ചത്. 'പെൺകുട്ടികൾ അപേക്ഷിക്കേണ്ടതില്ല' എന്നായിരുന്നു ആ വാചകം. ഉടൻ ഒരു പോസ്റ്റ് കാർഡിൽ കമ്പനി തലവനായ ജെ.ആർ.ഡി. ടാറ്റക്ക് ഒരു കത്തെഴുതി. ടാറ്റ രാജ്യത്തിന് നൽകിയ സേവനങ്ങളെ പ്രകീർത്തിച്ച് തുടങ്ങിയ എഴുത്ത്, സ്ഥാപനത്തിലെ ലിംഗവിവേചനം തന്നെ അദ്ഭുതപ്പെടുത്തുന്നുവെന്ന വാചകത്തോടെയാണ് അവസാനിപ്പിച്ചത്.

പത്തുദിവസത്തിന് ശേഷം പുണെയിലെ ടെൽകോ ഓഫിസിൽ പ്രത്യേക ഇന്റർവ്യൂവിനെത്താൻ ടെലിഗ്രാം ലഭിച്ചു. അവിടെയെത്താനുള്ള മുഴുവൻ ചെലവും വഹിക്കാമെന്നും വാഗ്ദാനമുണ്ടായിരുന്നു. ഇന്റർവ്യൂ ഹാളിലേക്ക് കയറിച്ചെല്ലുമ്പോൾ തന്നെ ബോർഡിലുണ്ടായിരുന്ന ചിലർ പിറുപിറുത്തു, "ഇതാണ് ടാറ്റക്ക് കത്തയച്ച പെൺകുട്ടി". ജോലി ലഭിക്കില്ലെന്ന് ഉറപ്പിച്ച് പോയതിനാൽ ഓരോ ചോദ്യത്തിനും നിർഭയമായി ആയിരുന്നു മറുപടി. രണ്ടരമണിക്കൂർ നീണ്ട ഇന്റർവ്യൂ കഴിഞ്ഞ് വൈകാതെ നിയമന അറിയിപ്പും ലഭിച്ചു.

സ്വർണമെഡലോടെ നേടിയ ഒന്നാം റാങ്കിന്റെ പകിട്ടോടെ എം.ടെക് പൂർത്തീകരിച്ച സുധ, ടാറ്റയിലെ ലിംഗവിവേചനം അവസാനിപ്പിക്കണമെന്ന ലക്ഷ്യത്തോടെ കമ്പനിയിലെ ആദ്യ വനിത എൻജിനീയറായി ചേരാൻ തീരുമാനിച്ചു. ടാറ്റയുടെ തൊഴിൽനയംതന്നെ തിരുത്തിക്കാൻ കാരണക്കാരിയായ ആ 24കാരി അങ്ങനെ പുണെയിൽ ഡെവലപ്മെന്റ് എൻജിനീയറായി. പിന്നെ മുംബൈയിലും ജാംഷഡ്പൂരിലുമെല്ലാം കമ്പനി പ്രതിനിധിയായി.

### ലാളിത്യത്തിന്റെ ഗൃഹപാഠം

1950 ആഗസ്റ്റ് 19ന് കർണാടകയിലെ ഷിഗ്ഗാവോണിൽ ഡോ. ആർ.എച്ച്. കുൽക്കർണി-വിമല ദമ്പതികളുടെ നാലു മക്കളിൽ രണ്ടാമത്തെയാളായി ജനിച്ച സുധ മാതാപിതാക്കളിൽനിന്നാണ് ലാളിത്യത്തിന്റെ ആദ്യ പാഠങ്ങൾ പഠിച്ചത്. വിലകൂടിയ വസ്ത്രങ്ങളോ ആഭരണങ്ങളോ മക്കൾക്ക് അവർ വാങ്ങിനൽകിയില്ല. പകരം വീട്ടിലൊരു ലൈബ്രറിയൊരുക്കി. നിരന്തര വായന കുട്ടിക്കാലത്തു തന്നെ സുധയെ എഴുത്തുകാരിയാക്കി. നിരക്ഷരയായിരുന്ന 62കാരിയായ മുത്തശ്ശിയെ എഴുത്തും വായനയും പഠിപ്പിച്ച അവർ 1966ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ ഒന്നാം റാങ്കുകാരിയായാണ് പഠനത്തിലെ മിടുക്കറിയിച്ചത്. പിന്നെ കർണാടക സർവകലാശാല പരീക്ഷകളിൽ ഉയർന്ന മാർക്ക് നേടിയതിന് സി.ഡി. ദേശായി പുരസ്കാരവും സംസ്ഥാനത്തെ മികച്ച എൻജിനീയറിങ് വിദ്യാർഥിക്കുള്ള യൂത്ത് സർവിസ് ഡിപ്പാർട്മെന്റ് പ്രൈസുമെല്ലാം തേടിയെത്തി.

സാമൂഹിക പ്രവർത്തനത്തിലൂടെ ലഭിക്കുന്ന നിർവൃതി ബോധ്യപ്പെടുത്തിയത് ജെ.ആർ.ഡി. ടാറ്റയാണ്. 1982ൽ ഇൻഫോസിസ് തുടങ്ങാനായി കമ്പനി വിടുന്നതറിയിച്ചപ്പോൾ നൽകിയ ഉപദേശം ഏറെ തിരിച്ചറിവുകൾ നൽകുന്നതായിരുന്നു. "നിങ്ങൾ സമ്പത്തിന്റെ കൈകാര്യകർത്താവ് മാത്രമാണ്. അത് പല കൈകളിലൂടെയും സഞ്ചരിക്കും. നിങ്ങൾ വിജയിക്കുമ്പോൾ അത് സമൂഹത്തിന് നൽകുക. അതാകും നിങ്ങൾക്ക് സൽപേര് നൽകുക". ഈ വാക്കുകൾ ജീവിതകാലം മുഴുവൻ പ്രാവർത്തികമാക്കാനാണ് സുധ ശ്രമിച്ചത്.

### നാരായണമൂർത്തിയുടെ കൂട്ട്

ടെൽകോയിൽ ജോലി ചെയ്യുന്നതിനിടെ സഹപ്രവർത്തകനായിരുന്ന പ്രസന്ന വഴിയാണ് പിൽക്കാലത്ത് ഇൻഫോസിസ് സ്ഥാപകനായി മാറിയ എൻ.ആർ. നാരായണമൂർത്തിയെ പരിചയപ്പെടുന്നത്. ഒരിക്കൽ അദ്ദേഹം സുധയടക്കമുള്ളവരെ സ്വകാര്യ ഹോട്ടലിൽ ഡിന്നറിന് ക്ഷണിച്ചു. അവിടെവെച്ച് സ്വന്തം പോരായ്മകൾ ഏറ്റുപറഞ്ഞൊരു വിവാഹാഭ്യർഥനയുമുണ്ടായി. മറുപടി നൽകാൻ കുറച്ചുസമയം ചോദിച്ച സുധ വീട്ടുകാരുമായി കൂടിയാലോചിച്ചു. ഒരുദിവസം രാവിലെ 10ന് കൂടിക്കാഴ്ച നിശ്ചയിച്ചു. ഗതാഗതക്കുരുക്കിൽപെട്ട മൂർത്തി എത്തിയത് 12 മണിക്ക്. ഇങ്ങനെയൊരാൾക്ക് എങ്ങനെ നിന്നെ ഏൽപിക്കുമെന്നായിരുന്നു പിതാവിന്റെ ചോദ്യം. നാരായണമൂർത്തിയോട് എന്താകാനാണ് ആഗ്രഹമെന്ന് ചോദിച്ചപ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയിലൂടെ രാഷ്ട്രീയക്കാരനാകണമെന്നും ഒരു അനാഥാലയം തുടങ്ങണമെന്നുമായിരുന്നു മറുപടി. ഇങ്ങനെയൊരാൾക്ക് മകളെ വിവാഹം ചെയ്തു നൽകാനാവില്ലെന്ന് പിതാവ് തീർത്തുപറഞ്ഞു. എന്നാൽ, സ്വന്തം കുറവുകൾ പറഞ്ഞ് വിവാഹാഭ്യർഥന നടത്തിയ അദ്ദേഹത്തെയല്ലാതെ വിവാഹം കഴിക്കില്ലെന്ന് സുധ ശഠിച്ചപ്പോൾ സ്ഥിരം ജോലി ലഭിക്കുകയാണെങ്കിൽ നോക്കാമെന്നായി പിതാവ്. മൂന്നുവർഷത്തിനുശേഷം1977ൽ ബോംബെയിലെ പാറ്റ്നി കമ്പ്യൂട്ടേഴ്സിൽ ജനറൽ മാനേജറായി മൂർത്തിക്ക് ജോലി ലഭിച്ചതോടെ വിവാഹത്തിന് അനുമതിയായി. രണ്ടുപേരുടെയും കുടുംബാംഗങ്ങളുടെ മാത്രം സാന്നിധ്യത്തിൽ നടന്ന വിവാഹത്തിന്റെ ചെലവ് 800 രൂപ ഇരുവരും വീതിച്ചെടുക്കുകയായിരുന്നു.

### ഇൻഫോസിസിന്റെ പിറവി

ഇൻഫോസിസ് എന്ന പേരിൽ നാരായണമൂർത്തി സോഫ്റ്റ്വെയർ കമ്പനി തുടങ്ങാൻ പദ്ധതിയിടുമ്പോൾ മുടക്കാൻ കൈയിൽ ഒന്നുമില്ലായിരുന്നു. സുധ സമ്പാദിച്ചുവെച്ച 10,000 രൂപ അദ്ദേഹത്തിന്റെ സ്വപ്നസാക്ഷാത്കാരത്തിന് കൈമാറുമ്പോൾ രാജ്യത്തെ ഐ.ടി വിപ്ലവത്തിനുള്ള സഹായം കൂടിയായി അത്. 1981ൽ സഹപ്രവർത്തകരായിരുന്ന ആറു പേർക്കൊപ്പം നാരായണമൂർത്തി ഇൻഫോസിസിന്റെ പ്രവർത്തനം തുടങ്ങി. 1982ൽ ടെൽകോയിലെ ജോലിയുപേക്ഷിച്ച് സുധയും ഒപ്പം ചേർന്നു. പുണെയിൽ ചെറിയ വീട് ലോണിന് വാങ്ങിയപ്പോൾ ഓഫിസും അതായി. അങ്ങനെ സുധ ഒരേ സമയം കുക്കും ക്ലർക്കും പ്രോഗ്രാമറുമായി. 1983ലാണ് ബംഗളൂരുവിലെ 'മൈകോ'യുടെ രൂപത്തിൽ ആദ്യ ഉപഭോക്താവിനെ കിട്ടുന്നത്. അതുവരെ സുധയുടെ ചെലവിൽ കഴിഞ്ഞ മൂർത്തി ബംഗളൂരുവിലേക്ക് താമസംമാറുകയും ജയനഗറിൽ ഒരു വീട് താമസത്തിനും മറ്റൊന്ന് ഓഫിസിനും വാടകക്കെടുക്കുകയും ചെയ്തു. കമ്പനി എം.ഡിയായിരുന്ന നന്ദൻ നിലേക്കണിയും ഭാര്യ രോഹിണിയും ഇവർക്കൊപ്പമായി താമസം.

സുധയെയും കമ്പനി ബോർഡിൽ ഉൾപ്പെടുത്താൻ നിലേക്കണി ആവശ്യപ്പെട്ടപ്പോൾ ഭാര്യയും ഭർത്താവും ഒന്നിച്ച് പറ്റില്ലെന്നായിരുന്നു മൂർത്തിയുടെ നിലപാട്. ഇൻഫോസിസിനായി എല്ലാം സമർപ്പിച്ച തന്നെ ഉൾപ്പെടുത്തുന്നതിൽ ഭർത്താവിന്റെ എതിർപ്പ് സുധയെ ആശ്ചര്യപ്പെടുത്തി. എന്നാൽ, സുധ ഇൻഫോസിസിൽ ജോലിചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ താൻ മാറാൻ തയാറാണെന്നും അദ്ദേഹം പറഞ്ഞു. ഇത് നിരസിച്ച് ഒരു വീട്ടമ്മയിലേക്ക് ചുരുക്കപ്പെട്ടപ്പോൾ എഴുത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും പിന്നീട് ക്രൈസ്റ്റ് കോളജിലും ബംഗളൂരു യൂനിവേഴ്സിറ്റിയുടെ പി.ജി സെന്ററിലും കമ്പ്യൂട്ടർ സയൻസ് അധ്യാപികയാവുകയും ചെയ്തു.

### ജനസേവനത്തിന്റെ പുതുവഴികൾ

ഇൻഫോസിസ് വളർന്നപ്പോൾ ജനസേവനത്തിന്റെ പുതുവഴികളിലേക്ക് സുധയെ നയിച്ചത് 1996ൽ സ്ഥാപിതമായ ഇൻഫോസിസ് ഫൗണ്ടേഷനായിരുന്നു. ഇതിന്റെ ചെയർപേഴ്സനെന്ന നിലയിൽ വിദ്യാഭ്യാസം, ആരോഗ്യം, വനിതാക്ഷേമം, കല, സംസ്കാരം, ദാരിദ്ര്യനിർമാർജനം തുടങ്ങി സുധ കൈവെക്കാത്ത മേഖലകളുണ്ടായിരുന്നില്ല. കർണാടകയിലെ എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടറും ലൈബ്രറിയും ഒരുക്കാൻ മുന്നിട്ടിറങ്ങിയ ഫൗണ്ടേഷൻ, യു.എസ്.എയിൽ പ്രവർത്തനമാരംഭിക്കുകയും ഹാർവഡ് യൂനിവേഴ്സിറ്റിയിൽ 'ദ മൂർത്തി ക്ലാസിക്കൽ ലൈബ്രറി ഓഫ് ഇന്ത്യ' സ്ഥാപിക്കുകയും ചെയ്തു. ഗേറ്റ്സ് ഫൗണ്ടേഷന്റെ പൊതുജനാരോഗ്യ പ്രവർത്തനങ്ങളിലും സുധ സജീവ സാന്നിധ്യമായി. നിരവധി ഗ്രാമീണ വികസന പ്രവർത്തനങ്ങൾക്ക് മുന്നിട്ടിറങ്ങിയ അവർ ഭർത്താവിന്റെ സ്വപ്നമായ ഓർഫനേജുകളും ആശുപത്രികളും സ്ഥാപിക്കലിലും വ്യാപൃതയായി. ഉന്നത വിദ്യാഭ്യാസത്തിനായി കാൺപുർ ഐ.ഐ.ടിയിൽ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് ഡിപ്പാർട്മെന്റും ദേശീയ നിയമ ലൈബ്രറിയും സ്ഥാപിച്ചു. 2012-13ൽ ഗ്രാമീണമേഖലയിൽ 10,000 ശൗചാലയങ്ങൾ നിർമിച്ചുനൽകുന്ന പദ്ധതിക്കും സഹായവുമായെത്തി. തെരുവുകളിലും ചേരികളിലും കഴിയുന്ന കുട്ടികളുടെ പുനരധിവാസം ഏറ്റെടുത്ത ഫൗണ്ടേഷൻ വെള്ളപ്പൊക്ക ദുരിതബാധിത പ്രദേശങ്ങളിൽ 2300 വീടുകളും നിർമിച്ചുനൽകി. കർണാടകക്ക് പുറമെ തമിഴ്നാട്, ഗുജറാത്ത്, ഒഡിഷ, ആന്ധ്രപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിൽ പ്രകൃതിദുരന്തത്തിനിരയായവർക്കും ആശ്വാസവുമായെത്തി. കലാകാരന്മാരെ സഹായിക്കാനുള്ള ഭവൻസ് തിരുച്ചി കേന്ദ്രത്തിൽ അക്കാദമി സ്ഥാപിക്കാൻ 70 ലക്ഷം രൂപ നൽകിയ ഫൗണ്ടേഷൻ, ബംഗളൂരു നിംഹാൻസിൽ വാർഡുകളും വിശ്രമ കേന്ദ്രങ്ങളും നിർമിച്ചുനൽകി. വർഷം അഞ്ചുമുതൽ ആറുകോടി രൂപ വരെയാണ് ഫൗണ്ടേഷൻ സാമൂഹികപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നത്.

### എഴുത്തിലെ വൈവിധ്യം

ഇംഗ്ലീഷിലും കന്നഡയിലുമായി 30ഓളം പുസ്തകങ്ങൾ രചിച്ച സുധ ഇന്ന് ഇന്ത്യയിലെ അറിയപ്പെടുന്ന എഴുത്തുകാരിലൊരാൾ കൂടിയാണ്. നോവൽ, വിദ്യാഭ്യാസം, യാത്രാവിവരണം, ഓർമക്കുറിപ്പുകൾ എന്നിവയിലെല്ലാം തന്റേതായ ഇടമുറപ്പിച്ചു. ഇംഗ്ലീഷ്, കന്നഡ പത്രങ്ങളിൽ കോളമിസ്റ്റായും തിളങ്ങി. 'ഹൗസ് ഓഫ് കാർഡ്സ്' ആയിരുന്നു ആദ്യ നോവൽ. 'ഡോളർ സോസ്' എന്ന നോവലാണ് ഏറെ ശ്രദ്ധ നേടിയത്. ഇത് പിന്നീട് പ്രമുഖ ചാനലിൽ സീരിയലായി സംപ്രേഷണം ചെയ്തു. 'ഹൗ ഐ റ്റോട്ട് മൈ ഗ്രാൻഡ്മദർ ടു റീഡ്' എന്ന പുസ്തകം 15 ഭാഷകളിലേക്കാണ് വിവർത്തനം ചെയ്തത്. 'ദ ഡേ ഐ സ്റ്റോപ്ഡ് ഡ്രിങ്കിങ് മിൽക്ക്' ആണ് അവസാനമായി പുറത്തിറങ്ങിയ പുസ്തകം. സിനിമയെ അതിരറ്റ് സ്നേഹിച്ച സുധ കൂട്ടുകാരുടെ വെല്ലുവിളി സ്വീകരിച്ച് തുടർച്ചയായി 365 ദിവസം സിനിമ കാണാനും നൂറുകണക്കിന് സിനിമകൾ ശേഖരിച്ച് അതിന്റെ സംവിധാനവും എഡിറ്റിങ്ങും വിലയിരുത്താനും സമയം കണ്ടെത്തി.



സുധ മൂർത്തി ബാംഗ്ലൂർ ലിറ്ററേച്ചർ ഫെസ്റ്റിവലിൽ ചേതൻ ഭഗതിനൊപ്പം

### അംഗീകാരങ്ങളുടെ പൊൻതിളക്കം

സമൂഹത്തിന് നൽകിയ സേവനങ്ങൾക്ക് നിരവധി അംഗീകാരങ്ങളും സുധയെ തേടിയെത്തി. ഇന്ത്യയിലെ ഏഴ് സർവകലാശാലകളാണ് ഓണററി ഡോക്ടറേറ്റ് നൽകി ഇവരെ ആദരിച്ചത്. 2006ൽ രാജ്യത്തെ നാലാമത്തെ സിവിലിയൻ ബഹുമതിയായ പത്മശ്രീ അവാർഡ് നേടിയ സുധയെ തേടി മികച്ച സാമൂഹികപ്രവർത്തകക്കുള്ള പബ്ലിക് റിലേഷൻ സൊസൈറ്റി ഓഫ് ഇന്ത്യ അവാർഡ്, മദർ തെരേസ മെമ്മോറിയൽ ഇന്റർനാഷനൽ അവാർഡ്, കർണാടക സർക്കാറിന്റെ അത്തിമബ്ബെ സാഹിത്യ അവാർഡ്, 2000ത്തിലെ കർണാടക രാജ്യോത്സവ അവാർഡ്, കമ്പ്യൂട്ടർ വേൾഡ് അന്താരാഷ്ട്ര അവാർഡ്, ആർ.കെ. നാരായണൻ സാഹിത്യ അവാർഡ്, സർ എം. വിശ്വേശരയ്യ നവരത്ന അവാർഡ്, യശ്വന്ത് റാവു ചവാൻ ദേശീയ അവാർഡ്, ലക്ഷ്മി എൻ. മേനോൻ അവാർഡ്, പോൾ ഹാരിസ് അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങളും തേടിയെത്തി. 2013ൽ സാമൂഹിക പ്രവർത്തനത്തിന് ഭർത്താവ് നാരായണമൂർത്തിക്കൊപ്പം ലഭിച്ച ബസവശ്രീ അവാർഡിന്റെ സമ്മാനത്തുകയായ അഞ്ചുലക്ഷം രൂപ ഒരു അനാഥാലയത്തിന് നൽകിയും ഇവർ സാമൂഹിക പ്രതിബദ്ധത തെളിയിച്ചു.

ഇല്ലായ്മക്കാരെയും ദുരിതമനുഭവിക്കുന്നവരെയും സ്വന്തം ജീവിതത്തോട് ചേർത്തുനിർത്തുകയും ആദരിക്കുകയും ചെയ്തുവെന്നതാണ് സുധ മൂർത്തിയെ പ്രസക്തയാക്കുന്നത്. 67ാം വയസ്സിലും തന്റെ ഉദ്യമത്തിൽനിന്ന് അവർ പിൻവാങ്ങിയിട്ടില്ല. ജീവൻ അവശേഷിക്കുന്ന കാലം മുഴുവൻ അത് തുടരുമെന്ന് പറയുമ്പോൾ നിശ്ചയദാർഢ്യത്തിന്റെ മനോഹാരിതയുണ്ട്. ഭർത്താവ് നാരായണമൂർത്തിയുടെയും മക്കളായ അക്ഷത, രോഹൻ എന്നിവരുടെയും പിന്തുണയിൽ സേവനരംഗത്ത് ലാളിത്യത്തിന്റെയും സൂക്ഷ്മതയുടെയും ചില പാഠങ്ങൾകൂടി ഇവർ പകർന്നു നൽകുന്നു, ഒപ്പം എഴുത്തിലൂടെ നന്മയുടെ ജീവിതാനുഭവങ്ങളും. ●




● മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ഗീത ഗോപിനാഥിന്റെ പിതാവ് സംഘടിപ്പിച്ച കർഷക കൂട്ടായ്മയുടെ വിശേഷങ്ങൾ

**ഗോപിനാഥിന്റെ സാമ്പത്തികകാര്യം**



**04**

# ധീരമായ സാംസ്കാരിക പ്രതിരോധം

**എഴുത്ത് ഏകാന്തമായൊരു പ്രവർത്തനമാണെന്നും ആർക്കും മറ്റൊരാളെ എഴുതി സഹായിക്കാനാവില്ലെന്നും പറഞ്ഞത് മാർകേസാണ്. എവിടെ ഏകാന്തത അവസാനിക്കുന്നുവോ അവിടെ 'ചന്ത' തുടങ്ങുന്നുവെന്നെഴുതിയത് നീത്ഷേയും!**



**ഇടപെടൽ**

കെ.ഇ.എൻ

'എഴുത്ത്' ഇ.കെ. ദിനേശന് ഒരുഴുതുമറിക്കലാണ്. 'പരന്ന്' കഴിഞ്ഞ വായനയെ 'ഒന്നുരുട്ടി'യെടുക്കാനുള്ള സാംസ്കാരിക പ്രവർത്തനത്തിലാണ് അദ്ദേഹം വ്യാപൃതനായിരിക്കുന്നത്. പ്രവാസത്തിൻെറ പിടച്ചിലുകൾക്കിടയിലും സമകാലസങ്കടങ്ങളോട് നിരന്തരം പ്രതികരിച്ചുകൊണ്ടാണ്, ഓരോ സംഭവങ്ങളുടെയും സ്രോതസ്സുകൾ അദ്ദേഹം കണ്ടെടുക്കുന്നത്. 'അപരിമിതമാവേണ്ട' മനുഷ്യാസ്തിത്വത്തെ പരിമിതമാക്കുകയും നിറം കെടുത്തുകയും ചെയ്യുന്ന വ്യത്യസ്തവിധത്തിലുള്ള അധികാരവ്യവസ്ഥകളുടെ വിചാരണയാണ്, 'നീലരാഷ്ട്രീയത്തിൻെറ ചുവപ്പുവായന' എന്ന സാംസ്കാരിക വിമർശനഗ്രന്ഥത്തെ ശ്രദ്ധേയമാക്കുന്നത്. എഴുത്ത് ഏകാന്തമായൊരു പ്രവർത്തനമാണെന്നും ആർക്കും മറ്റൊരാളെ എഴുതി സഹായിക്കാനാവില്ലെന്നും പറഞ്ഞത് മാർകേസാണ്. എവിടെ ഏകാന്തത അവസാനിക്കുന്നുവോ അവിടെ 'ചന്ത' തുടങ്ങുന്നുവെന്നെഴുതിയത് നീത്ഷേയും!

'സമൂഹ'ത്തിൻെറ സ്ഥാനത്ത് 'ആൾക്കൂട്ട'ങ്ങളെയും 'ചിന്ത'യുടെ സ്ഥാനത്ത് 'ബഹളങ്ങളെയും' കാഴ്ചപ്പാടുകൾക്ക് പകരം 'കാഴ്ചപരസ്യങ്ങളെയും' പ്രതിഷ്ഠിച്ചുകൊണ്ടാണ് മൂലധനാധികാരം മുന്നോട്ടുപോകുന്നത്. ബഹുസ്വരതകളെ ഏകശാസനകളാക്കിയും വ്യത്യസ്തതകളെ വിരോധങ്ങളാക്കിയും സ്വന്തം അഭിരുചികൾക്ക് ആദർശപദവി നൽകിയുമാണ് നവ ഫാഷിസം, ജീവിതത്തെയാകെ സങ്കുചിതമാക്കുന്നത്. 'നീലരാഷ്ട്രീയത്തിൻെറ ചുവപ്പ് വായന' ഒരേസമയം പരസ്പരം പോഷിപ്പിക്കുന്ന മൂലധന-ഫാഷിസ്റ്റ് മുന്നണിക്കെതിരായ ധീരമായ സാംസ്കാരിക പ്രതിരോധത്തിൻെറ കരുത്താണ് ആവിഷ്കരിക്കുന്നത്.

'മൂന്നാർ സമരം; ഒരു രാഷ്ട്രീയ വായനയാണ്' എന്ന പ്രബന്ധം മുതൽ, 'രോഹിത് വെമുല: സവർണ രാഷ്ട്രീയത്തിൻെറ ഇര' എന്ന പ്രബന്ധം വരെ പങ്കുവെക്കുന്നത്, സമകാലിക ജനവിരുദ്ധതക്കെതിരെയുള്ള സമരോത്സുക നിലപാടുകളാണ്. 'എങ്ങനെയെങ്കിലും ഒന്ന് ജീവിച്ചുപോവുക' എന്ന അരാഷ്ട്രീയതയെ, നിശിത വിചാരണക്ക് വിധേയമാക്കുന്ന ഒരു സാംസ്കാരിക ഇടപെടൽ എന്ന നിലയിലാണ് യോജിപ്പിനും വിയോജിപ്പിനുമപ്പുറത്തേക്ക് 'നീലരാഷ്ട്രീയത്തിൻെറ ചുവപ്പുവായന' വികസിക്കുന്നത്. സർവശക്തിയോടുംകൂടി 'സംവാദാത്മകവും സർഗാത്മകവുമായ' ഒരു സാമൂഹികജീവിതത്തിൻെറ അനിവാര്യതയാണത് ആവേശപൂർവം ഉയർത്തിപ്പിടിക്കുന്നത്. പലകാരണങ്ങളാൽ 'പുരോഗമന രചനകളിൽ' നിന്നും അപ്രത്യക്ഷമാവുന്ന 'ജാതി'യെ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കാനുള്ള ഇ.കെ. ദിനേശൻെറ ധീരത പ്രശംസനീയമാണ്. റോബിൻ ജെഫ്രി മുമ്പൊരിക്കൽ എഴുതിയപോലെ ഉത്തരേന്ത്യൻ പത്രത്തിൽ മാർക്സിനെക്കുറിച്ചൊരു 'തെറി' വന്നാൽ പോലും, പിറ്റേദിവസവും പത്രമിറങ്ങും. എന്നാൽ, സ്ഥലത്തെ ജാതിക്കോമരത്തെക്കുറിച്ച്, ജന്മിയെക്കുറിച്ച്, എന്തെങ്കിലും ആക്ഷേപം വന്നാൽ പിറ്റേദിവസം പത്രം പുറത്തിറങ്ങാൻ ഏറെ പ്രയാസമാവും. അതുപോലെയാണ് ഇന്ത്യയിൽ ദരിദയെക്കുറിച്ചെഴുതിയാൽ അത് 'പാണ്ഡിത്യമായും' എന്നാൽ, ദരിദ വികസിപ്പിച്ച വിശകലനരീതി ഉപയോഗിച്ച് ജാതിയെപ്പറ്റി പഠിച്ചാൽ അത് വിവരക്കേടായും മാറുന്നത്! ചിലപ്പോൾ എഴുതിയവർ വിവരമറിയുകയും ചെയ്യും! ആഗോളീകരണത്തെക്കുറിച്ച് എത്ര വേണമെങ്കിലും ഉപന്യസിച്ചോളൂ, 'ജാതി' തൊട്ട് കളിവേണ്ട എന്നാണ് ഇന്ത്യൻ പൊതുനിയമം. അതിനെ വെല്ലുവിളിക്കണമെങ്കിൽ, എഴുതാനുള്ള കഴിവുമാത്രം മതിയാവില്ല; പൊരുതാനുള്ള കരുത്തുകൂടി വേണ്ടിവരും. നൂറുകണക്കിന് പണ്ഡിതരായ എഴുത്തുകാരിൽനിന്നും ഇ.കെ. ദിനേശിനെപ്പോലുള്ള ധൈഷണികർ വ്യത്യസ്തരാവുന്നത് ഈയൊരു വഴിത്തിരിവിലാണ്.



ദേശീയതയെക്കുറിച്ച് പണ്ഡിതോചിതമായ നിരവധി പുസ്തകങ്ങളും പ്രബന്ധങ്ങളും നമുക്കുണ്ട്. അവയെല്ലാം നമ്മുടെ ദേശീയബോധത്തെ നവീകരിക്കുന്നതിലും പുതുതായി നിർവചിക്കുന്നതിലും മഹത്തായ പങ്കുവഹിച്ചിട്ടുണ്ട് എന്നതിലൊരു തർക്കവുമില്ല.

എന്നാൽ, സമീപകാലത്ത് എനിക്ക് വായിക്കാൻ കഴിഞ്ഞ ദേശീയത സംബന്ധിയായ ഏറ്റവും ഹൃദ്യമായ ഒരൊറ്റവരി എഴുതാൻ പറഞ്ഞാൽ നിസ്സംശയം ഞാനെഴുതുക, ദിനേശൻെറ 'ദേശീയതയും ദേശസ്നേഹവും' എന്ന പ്രബന്ധത്തിലെ, 'എൻെറ രാജ്യം എന്ന ബോധം തന്നെ ഉണ്ടാകുന്നത് ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യത്തിൻെറ മുകളിൽനിന്നാണ്' എന്ന ഒറ്റവരിയായിരിക്കും. അതിലപ്പുറം ദേശീയതയിലൊന്നുമില്ല. ദേശീയപക്ഷിയും ദേശീയമൃഗവും ദേശീയപതാകയും അടക്കം ഒരുപാട് 'ദേശീയ ചിഹ്നങ്ങൾ' നമുക്കുണ്ടെങ്കിലും അവയെല്ലാം എന്തിനുവേണ്ടി എന്ന ചോദ്യം വരുമ്പോൾ, നാം വിവശരാവാതിരിക്കണമെങ്കിൽ ദിനേശ് പറയുന്ന ആ 'സ്വാതന്ത്ര്യം' ശരിക്കും അനുഭവിക്കാൻ എല്ലാവർക്കും കഴിയണം. അതില്ലാതെ തിയറ്ററിലും ആശുപത്രിയിലും ദേശീയഗാനം പാടിയതുകൊണ്ടോ സർക്കാറിൻെറ ജനദ്രോഹനയത്തെ വിമർശിക്കുന്നവരെ ദേശദ്രോഹികളായി ചാപ്പകുത്തിയോ കൃത്രിമമായി ഉണ്ടാക്കാവുന്നതല്ല 'ദേശീയത'. 'ഞാൻ തേടുന്നത് രാജ്യസ്നേഹമല്ല/ സ്നേഹമുള്ള രാജ്യമാണ്/ജീവൻ അസ്തമിക്കാത്ത സാമ്രാജ്യം' എന്ന് ചുള്ളിക്കാട്. ദേശീയപരസ്യങ്ങളുടെ പുറംപകിട്ടിൽ ഭ്രമിച്ചുനിൽക്കുന്നതിനുപകരം, ദേശീയതയുടെ യഥാർഥപൊരുൾ തിരിച്ചറിയേണ്ടതിൻെറ പ്രാധാന്യമാണ് ദിനേശ് വിശദമാക്കുന്നത്.



ഇ.കെ. ദിനേശൻ

ജാതിയെ പ്രശ്നവത്കരിക്കാതെ ഏതൊക്കെ പ്രകാരത്തിലാണ് അത് ഇന്ത്യൻ ജീവിതത്തെ അപകടപ്പെടുത്തുന്നതെന്ന് ആഴത്തിൽ അപഗ്രഥിക്കാതെ ഇന്ത്യൻ അവസ്ഥയെക്കുറിച്ചുള്ള ഏത് അപഗ്രഥനവും അപൂർണമാവും. ഇക്കാര്യത്തിലുള്ള സൂക്ഷ്മശ്രദ്ധയും ഒത്തുതീർപ്പ് തന്ത്രങ്ങളെ തകർക്കുന്ന നിലപാടുകളുമാണ് 'നീലരാഷ്ട്രീയത്തിൻെറ ചുവപ്പുവായന'യെ നമ്മുടെ കാലത്ത് വായിച്ചിരിക്കേണ്ട ഒരു സംവാദഗ്രന്ഥം എന്ന പദവിയിലേക്കുയർത്തുന്നത്. ഇന്ത്യൻ ജീവിതത്തിൽ എവിടെ തിരിഞ്ഞാലും വഴിമുടക്കിനിൽക്കുന്ന ജാതിഭീകരനെ, സാധാരണ കാര്യങ്ങളിൽനിന്നുതന്നെ അൽപം ശ്രദ്ധിച്ചാൽ ആർക്കും കണ്ടെടുക്കാൻ കഴിയും. എന്നിട്ടും അതുമാത്രം കാണാനാവാതെ ചിലർ കാഴ്ച സ്വയം നഷ്ടപ്പെടുത്തി അന്ധത വരിക്കുന്നു. 'ബദൽ പ്രത്യയശാസ്ത്രങ്ങൾ' വികസിച്ചു വരുമ്പോഴാണ് പുതിയ കാഴ്ചകളും സാധ്യമാകുന്നതെന്ന് ചരിത്രം എത്രയോ പ്രാവശ്യം ആവർത്തിച്ച് ബോധ്യപ്പെടുത്തിയിട്ടും പലർക്കും അതിനിയും ബോധ്യം വരാത്തത് അറിവിൻെറ കുറവുകൊണ്ടല്ല, കാഴ്ചപ്പാടിൻെറ തകരാറുകൊണ്ടാണ്. അത്തരം 'തകരാറുകളുടെ' വേരറുക്കുന്ന മിന്നൽ കാഴ്ചകളാണ് ജാതിമേൽക്കോയ്മയുടെ മേഘാവൃതമായ ആകാശങ്ങളെ കീറിമുറിച്ച് ദിനേശൻെറ അന്വേഷണങ്ങളിൽ ജ്വലിക്കുന്നത്.

ശങ്കരാചാര്യർ നമുക്ക് സർവജ്ഞപീഠം കയറിയ ജഗദ്ഗുരു ആയതും ശ്രീനാരായണഗുരു വെറും ഈഴവഗുരു മാത്രമായതും അങ്ങനെയാണ്. ഇ.കെ. ദിനേശ് എഴുതുന്നു: "അയ്യങ്കാളി പുലയസമുദായത്തിൽ ജനിക്കാതെ, നമ്പൂതിരി സമുദായത്തിൽ ജനിച്ചിരുന്നെങ്കിൽ ശ്രീശങ്കരാചാര്യരേക്കാൾ വലിയ ജഗദ്ഗുരു ആകുമായിരുന്നു. ജാതി എന്ന തിരികുറ്റിക്കു ചുറ്റും തിരിയുവാൻ മാത്രമേ ഇവിടെ മഹാന്മാർക്ക് കഴിഞ്ഞിട്ടുള്ളൂ. ഇവിടെ മനുഷ്യരാരും ജനിച്ചിട്ടില്ല". ജാതി ശാസനകളുടെ അലർച്ചകൾക്കിടയിൽ പതറിപ്പോയവരും അപ്രത്യക്ഷരായവരും കൊന്ന് കുഴിച്ചുമൂടപ്പെട്ടവരും പുറമ്പോക്കുകളിൽനിന്ന് സംസാരിച്ചു തുടങ്ങുമ്പോഴാണ് 'നീലരാഷ്ട്രീയത്തിൻെറ ചുവപ്പുവായന' പോലുള്ള സംവാദം ആവശ്യപ്പെടുന്ന ശ്രദ്ധേയമായ പുസ്തകങ്ങൾ പിറക്കുന്നത്. ●

---

അനുഭവം

# ഓർമയിലൊരു 'ഏഡ്' മാഷ്

ഖാദർ പട്ടേപ്പാടം

സാമാന്യത്തിലും ഉയർന്ന പൊക്കം. അതിനൊത്ത വണ്ണം. കോളറില്ലാത്ത അരക്കൈയൻ തൂവെള്ളക്കുപ്പായം. കരയുള്ള ഒറ്റമുണ്ട്. നെറുകയിൽ നിന്ന് വകഞ്ഞ് ചീകിയൊതുക്കിയ കറുപ്പും വെളുപ്പും നിറഞ്ഞ മുടി. പതുക്കെപ്പറഞ്ഞാലും പുറപ്പുറം കേൾക്കുന്ന ശബ്ദം. ഇത് പാലാഴി ശങ്കരമേനോൻ മാഷ്. അഞ്ചര പതിറ്റാണ്ടിനുമുമ്പ് ഞങ്ങളുടെ ഗ്രാമത്തിലുണ്ടായിരുന്ന ഏക വിദ്യാലയമായ നാലാം ക്ലാസ് സ്കൂളിലെ 'ഏഡ്' മാഷ്!

30 വർഷത്തിലേറെയായി മാഷ് സ്കൂളിൽ വന്നിട്ട്. എല്ലാവരെയും 'എടാ', 'എടീ' എന്നൊക്കെയേ വിളിക്കുകയുള്ളൂ. നിഷ്കളങ്കമായ, ഉറക്കെയുള്ള മാഷുടെ ആ വിളി നാട്ടിൽ എല്ലാവരും വലിയൊരു അംഗീകാരമായാണ് കണക്കാക്കിയിരിക്കുന്നത്. സ്കൂൾമുറ്റത്ത് ഓടിനടന്ന് കളിക്കുമ്പോൾ ഞങ്ങൾ കാണിക്കുന്ന കുഞ്ഞിക്കുറുമ്പുകൾക്ക് ഞങ്ങളെ മാഷ് ശിക്ഷിക്കാറുണ്ട്. കുറ്റം കണ്ണിൽപ്പെട്ടാൽ മാഷ് ഉറക്കെയൊരു വിളിയാണ്.

"എടാ... ഇവിടെ വാ..."

മാഷ് വിളിക്കുന്ന കുറുമ്പുകാരൻ മാത്രമല്ല, എല്ലാവരുംകൂടി കൂസലൊന്നും കൂടാതെ ഓടിച്ചെല്ലും. ഓഫിസ് മുറിയിൽവെച്ചാണ് ശിക്ഷ നടപ്പാക്കുക. കുറുമ്പുകാരനോട് മാഷ് കൽപിക്കും:

"നീട്ടെടാ കൈ..."

കുറുമ്പുകാരൻ കൈനീട്ടും. മാഷ് ഒരു കൈകൊണ്ട് അവൻെറ ചൂണ്ടാണിവിരലിൽ പിടിച്ച് മറ്റേ കൈകൊണ്ട് ഒരറ്റം മഷിയിൽ മുക്കി ചുവപ്പിച്ച ചൂരൽവടികൊണ്ട് അടി തുടങ്ങും. ആ അടി ബഹുരസമാണ്. ഞങ്ങൾക്കോ വടിക്കോ വേദനിക്കരുതെന്ന് മാഷിന് നിർബന്ധമാണ്. നാക്കൊക്കെ തുറുപ്പിച്ച് വലിയ ഗൗരവത്തിലാണ് അടി തുടങ്ങുകയെങ്കിലും കൈവെള്ളയിൽ വടി കൊണ്ടു കൊണ്ടില്ല എന്ന മട്ടിലായിരിക്കുമത്. നല്ല വേഗത്തിൽ അങ്ങനെ അടിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ മാഷ് ഉറക്കെ എണ്ണുകയും ചെയ്യും: "ഒന്ന്... രണ്ട്... മൂന്ന്... നാല്... അഞ്ച്... ആറ്..."

അത് കാണുമ്പോൾ ഞങ്ങളിൽ അടക്കിപ്പിടിച്ച ചിരി വിരിയും. പിന്നെ അതൊരു കൂട്ടച്ചിരിയായി മാറും. അപ്പോൾ മാഷും മുൻവരിപ്പല്ലുകൾ അങ്ങിങ്ങ് കൊഴിഞ്ഞുപോയ മോണ കാട്ടി ഉറക്കെ ചിരിച്ചുപോകും. പിന്നെ അടി നിർത്തി എല്ലാവരോടുമായി വിളിച്ചു പറയും: "പോടാ... പോ... എല്ലാവരും പോയി കുറുമ്പെടുക്കാതെ കളിക്ക്."

അന്ന് അങ്ങനെ മാഷിൽനിന്ന് അടിവാങ്ങിയവരുടെ കൂട്ടത്തിൽ പലപ്പോഴും ഞാനുമുണ്ടായിരുന്നു. സ്കൂളിൽ 'ഇസ്പേട്ടര്' വരുന്ന ദിവസം. കുട്ടികളും മാഷന്മാരുംകൂടി ക്ലാസുകളിലെ ബെഞ്ചുകളും കസേരകളും ഒക്കെ തുടച്ച് വൃത്തിയാക്കും. ബോർഡുകൾ പുതിയ മഷിതേച്ച് കുട്ടപ്പനാക്കും. ക്ലാസുകളിലെ ഇടമൂലകളിലും മറ്റും ഓലക്കാതുകൊണ്ടുണ്ടാക്കിയ കിളികളും മറ്റു രൂപങ്ങളും ഞാത്തിയിട്ട് ഭംഗി വരുത്തും. ഇൻസ്പെക്ടർ നാലു കിലോമീറ്റർ ദൂരെയുള്ള വെള്ളാങ്ങല്ലൂരിൽ ബസിറങ്ങി അവിടെനിന്ന് ചെമ്മൺപാതയിലൂടെ നടന്നാണ് വരുക. 'ഏഡ്' മാഷ് അന്ന് കാലത്തേ സ്കൂളിൽ വരും. ഒമ്പതു മണിയാകുമ്പോഴേക്കും സ്കൂളിൽ നിന്ന് കുറച്ചകലെയുള്ള കുന്നുമ്മൽക്കാട് കുന്നും കയറി കവലയിൽ പോയി നിൽക്കും. അകലെനിന്ന് ഇൻസ്പെക്ടറുടെ വരവ് കാണുമ്പോൾതന്നെ മാഷ് കൈകൾ കൂപ്പും. അദ്ദേഹം അടുത്തെത്തിയാൽ താണുവണങ്ങി അവിടെനിന്ന് കൂട്ടിക്കൊണ്ടുവരും. ഇൻസ്പെക്ടർ ഓരോ ക്ലാസിലും എത്തി കുട്ടികളുടെ എണ്ണമെടുത്ത് ചോദ്യങ്ങളൊക്കെ ചോദിച്ച് ചായയും കുടിച്ച് മടങ്ങിപ്പോകുന്നതുവരെ മാഷുടെ കൈകൾ കൂപ്പിത്തന്നെ നിൽക്കും. ഇൻസ്പെക്ടറെ തിരികെ കുന്നുമ്മൽക്കാട് കവലവരെ അനുഗമിച്ച് യാത്രയാക്കി വിട്ടാലേ മാഷ് കൈ താഴെയിടുകയുള്ളൂ. പിന്നെ സന്തോഷത്തോടെ തിരികെ വന്ന് ഉറക്കെയൊരു ഉത്തരവാണ്:

"അടിയെടാ കൂട്ട ബെല്ല്."

സ്കൂൾ നേരത്തേ വിടുകയാണ്. 'ഇസ്പേട്ടരു' വന്ന് കുഴപ്പം ഒന്നുംകൂടാതെ തിരികെപ്പോയതിലുള്ള സന്തോഷം! ഞാൻ നാലാം ക്ലാസ് ജയിച്ച് ടി.സിയും വാങ്ങി സ്കൂളിനോട് വിടചൊല്ലാൻ പോവുകയാണ്. അന്നേരം 'ഏഡ്' മാഷ് എൻെറ കവിളിൽ വാത്സല്യപൂർവം തലോടി. എന്നിട്ട് പറഞ്ഞു: "പഠിച്ച് മിടുക്കനാകുമ്പം മാഷെ ഓർക്കണം ട്ടോടാ..."

മൂന്നുനാലു കൊല്ലം കഴിഞ്ഞപ്പോൾ മാഷ് പെൻഷൻപറ്റി പിരിഞ്ഞു. പ്രദേശത്തെ എല്ലാ വീടുകളും കയറിയിറങ്ങി മാഷ് യാത്ര ചോദിച്ചു. എല്ലാവരും നിറകണ്ണുകളോടെ മാഷിന് യാത്രയയപ്പ് നൽകി. ഞങ്ങളുടെ പ്രദേശത്തുനിന്ന് കുറെ അകലെയായിരുന്നു മാഷിൻെറ വീട്. അതിനാൽ സ്കൂളിൽനിന്ന് പിരിഞ്ഞതിനുശേഷം അപൂർവമായേ ഞാനും മാഷും തമ്മിൽ കണ്ടിരുന്നുള്ളൂ. പിന്നെയും ഏതാനും വർഷങ്ങൾക്കുശേഷം. ഞാൻ പഠിപ്പൊക്കെ കഴിഞ്ഞ് സർക്കാർ ജോലിയിൽ പ്രവേശിച്ചു. മുകുന്ദപുരം താലൂക്ക് ഓഫിസിൽ സേവനമനുഷ്ഠിക്കുന്ന കാലം. ഒരു ദിവസം ഞാൻ തലയും കുമ്പിട്ട് മേശപ്പുറത്ത് നിവർത്തിവെച്ച ഏതോ ഫയലുമായി മല്ലിടുകയായിരുന്നു. അടുത്തുനിന്ന് ഇടിമുഴക്കംപോലൊരു ശബ്ദം.

"എടാ..."

ഞാൻ നടുങ്ങിപ്പോയി. ഞാൻ മാത്രമല്ല, ഓഫിസ് ഒന്നാകെ നടുങ്ങി. എല്ലാ കണ്ണുകളും എൻെറ മേശക്കരികെ ശബ്ദംകേട്ട ഭാഗത്തേക്ക്. അവർ പൊടുന്നനെ ധരിച്ചത് എന്നെ ആരോ ആക്രമിക്കാൻ വന്നിരിക്കുന്നു എന്നാണ്. ഞാൻ വല്ലാത്തൊരാശങ്കയോടെ ശബ്ദമെടുത്ത ആളെ തല ഉയർത്തി നോക്കി. മുഖത്ത് കണ്ണുകൾ തറഞ്ഞപ്പോൾ ഞാൻ സീറ്റിൽനിന്ന് ഞൊടിയിടകൊണ്ട് തെറിച്ചുപൊന്തിപ്പോയി. തൊഴുകൈകളോടെ, പതിവ് ചിരിയുമായി മുന്നിൽ നിൽക്കുന്നത് 'ഏഡ്' മാഷാണ്. അത് ഞാനൊട്ടും പ്രതീക്ഷിച്ചതല്ല. എൻെറ തൊണ്ട കിടുകിടുക്കുകയും കണ്ണുകൾ വിറകൊള്ളുകയും ചെയ്തു. മാഷ് പറഞ്ഞു: "നീ ഇവിടെ ഉണ്ടെന്നറിഞ്ഞു. ട്രഷറിയിൽ പെൻഷൻ വാങ്ങാൻ വന്നതാ. അവിടെ എന്തോ ഒരൊബ്ജക്ഷൻ. പെൻഷൻ കിട്ടിയില്ല. നീ വന്ന് അതൊന്ന് ശരിയാക്കിത്തരണം."

മാഷുടെ പിറകെ ആ പഴയ നാലാം ക്ലാസുകാരനായി ഞാൻ നടന്നു. തൊട്ടടുത്താണ് ട്രഷറി. അവിടെ ഒബ്ജക്ഷനൊക്കെ ശരിയാക്കി പെൻഷനും വാങ്ങിക്കൊടുത്ത് പുറത്തെത്തിയപ്പോൾ മാഷ് എൻെറ തോളിൽത്തട്ടി പറഞ്ഞു: "എടാ... വളരെ ഉപകാരം."

മാഷ് എന്നോട് ഉപചാരം പറയുകയോ? ഞാൻ വല്ലാതെയായി. അന്നേരം തികട്ടിവന്ന വികാരവായ്പോടെ ഞാൻ മാഷോട് പറഞ്ഞൊപ്പിച്ചു: "മാഷേ, ഞാൻ ഒരു വടികൊണ്ടുവരട്ടെ. പഴയപോലെ എന്നെ ഒന്ന് അടിക്കാമോ. ഒന്ന്... രണ്ട്... മൂന്ന്..."

അറിയാതെ ഞാൻ മാഷുടെ കൈകൾ കൂട്ടിപ്പിടിച്ചു. ശരിക്കും ഞാൻ കരഞ്ഞുപോയിരുന്നു. മാഷുടെ മുഖവും ആദ്യമൊന്ന് വിവർണമായി. പിന്നെ ചിരിച്ചു. പഴയ ആ ചിരി. എന്നിട്ട് എൻെറ തലയിൽ കൈവെച്ച് മൊഴിഞ്ഞു: "നന്നാകുമെടാ... നന്നാകും." ●




ചിത്രീകരണം:കെ. സുധീഷ്

---

## കത്തുകൾ




### യാത്രകൾ ഗംഭീരം

ലക്കം 1495ലെ യാത്രാനുഭവങ്ങളും കാഴ്ചകളും ഏറെ ഇഷ്ടപ്പെട്ടു. ഒറ്റക്കു യാത്രചെയ്യുന്ന പ്രവീണയുടെയും അഖിലിൻെറയും യാത്രാനുഭവങ്ങൾ അദ്ഭുതപ്പെടുത്തി.
നസീമ, കൽപറ്റ

### ഏകാന്ത യാത്രികർ

യാത്ര ഇഷ്ടപ്പെടുന്നവരെ ആകർഷിക്കുന്നതായിരുന്നു 'ഏകാന്ത യാത്രികർ'. പ്രവീണയുടെയും അഖിലിൻെറയും ജീവിതം വല്ലാതെ അദ്ഭുതപ്പെടുത്തി. ഇനിയും ഒരുപാട് യാത്രകൾ നടത്താൻ അവർക്ക് കഴിയട്ടെ... യാത്രാ അനുഭവങ്ങൾ വിവരിച്ചുതന്ന നഹീമക്കും ഷെഫീഖിനും അഭിനന്ദനങ്ങൾ.
സനൽകുമാർ, പെരിന്തൽമണ്ണ

### പ്രവീണയുടെയും അഖിലിൻെറയും യാത്രകൾ

യാത്രികരെ 'ഭ്രാന്തുപിടിപ്പിക്കുന്ന'തായിരുന്നു പ്രവീണയുടെയും അഖിലിൻെറയും യാത്രകൾ. തനിച്ച് യാത്ര ചെയ്യാനിറങ്ങിയ അഖിലിനെയും പ്രവീണയെയും വായിച്ചപ്പോൾ അസൂയയാണ് തോന്നിയത്. തനിച്ചുള്ള യാത്രകൾ എൻെറയും സ്വപ്നമാണ്. ഈ അനുഭവങ്ങൾ എൻെറ യാത്രകൾക്ക് കരുത്താവുമെന്ന് ഉറപ്പ്.
ദീപക് എൻ.ടി, വില്ലുപുരം

### ബുള്ളൂട്ടനും 47 ദിവസങ്ങളും

പ്രവീണയുടെ 'ബുള്ളൂട്ടനെ'യും അഖിലിൻെറ '47 ദിവസങ്ങളും' കണ്ടാണ് കഴിഞ്ഞ ഞായറാഴ്ച തുടങ്ങിയത്. മനോഹരമായ എഴുത്തുകൊണ്ട് ശരിക്കും യാത്രയുടെ ഫീലിങ് അനുഭവിച്ചറിയാമായിരുന്നു. ഒരാൾക്ക് ഒറ്റക്ക് എത്ര വേണമെങ്കിലും യാത്രചെയ്യാമെന്ന് തെളിയിച്ചുതരുകയാണ് രണ്ടുപേരും. ഇനിയും ഒരുപാട് യാത്രകൾ ചെയ്യാൻ അവർക്കാകട്ടെ എന്ന് ആശംസിക്കുന്നു.
ശാരദ വി, വടവന്നൂർ

### അൻറാർട്ടിക്കയിലെ ദാരുണ സംഭവം

അൻറാർട്ടിക്കയിൽ 26 വർഷംമുമ്പ് നടന്ന ദാരുണ സംഭവം വിവരിച്ചുകൊണ്ടുള്ള ചൂണ്ടയിൽ സോമൻെറ അനുഭവം ശ്രദ്ധേയമായി.
മുനീർ, വടകര

### പുസ്തകഡാറ്റാ സഞ്ചയം

കേരള സാഹിത്യ അക്കാദമിയുടെ ഡെപ്പോസിറ്ററി ലൈബ്രറിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളെ സംബന്ധിച്ച ഒരു ബൃഹത് ഡാറ്റാസഞ്ചയം ലഭ്യമാക്കാൻ മുഴുവൻ പ്രസാധകരും സ്ഥാപനങ്ങളും സംഘടനകളും വ്യക്തികളും തങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ ഓരോ കോപ്പി സൗജന്യമായി അക്കാദമി ലൈബ്രറിയിലേക്ക് അയക്കണമെന്ന് സെക്രട്ടറി അറിയിച്ചു. പുസ്തകങ്ങൾ അയക്കേണ്ട വിലാസം: സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ-680020.

### പുനലൂർ ബാലൻ പുരസ്കാരം

എഴുതിത്തുടങ്ങുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനായി പുനലൂർ താലൂക്ക് ലൈബ്രറി കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള പുനലൂർ ബാലൻ കവിതാ പുരസ്കാരത്തിന് കവിതകൾ ക്ഷണിച്ചു. 2016 മാർച്ച് 31ന് 30 വയസ്സ് കഴിയാത്തവർക്ക് കവിത അയക്കാം. പ്രസിദ്ധീകരിക്കാത്ത ഒറ്റക്കവിത (മൂന്ന് പകർപ്പ്) അയക്കണം. പ്രായം തെളിയിക്കുന്ന രേഖ സഹിതം 2017 ഫെബ്രുവരി 20നുമുമ്പ് കവിത ലഭിക്കണം. കവിത അയക്കേണ്ട വിലാസം: പ്രഫ. പി. കൃഷ്ണൻകുട്ടി, സെക്രട്ടറി, താലൂക്ക് ലൈബ്രറി കൗൺസിൽ, ലൈബ്രറി കൗൺസിൽ ഓഫിസ്, സെക്കൻഡ് ഫ്ലോർ, മുനിസിപ്പൽ ബിൽഡിങ്, കെ.എസ്.ആർ.ടി.സി ജങ്ഷൻ, പുനലൂർ പി.ഒ, കൊല്ലം-691305. ഫോൺ: 9447864999.

### വി.എം. കൊറാത്തിൻെറ രചനകൾ

വി.എം. കൊറാത്തിൻെറ രചനകളുടെ സമ്പൂർണ സമാഹാരം പുറത്തിറക്കുന്നു. കൊറാത്തിൻെറ ലേഖനങ്ങളോ കത്തുകളോ മറ്റു രചനകളോ കൈവശമുള്ളവർ ഈ വിലാസത്തിലോ ഇ-മെയിൽ, വാട്സ്ആപ്പിലോ ബന്ധപ്പെടാവുന്നതാണ്. വിലാസം: ഉഷ കൃഷ്ണകുമാർ, അഭിരാമം, ഫാറൂഖ് കോളജ് (പി.ഒ), കോഴിക്കോട്-673632. മൊബൈൽ: 9539694277, വാട്സ്ആപ്: 9539694278. ഇ-മെയിൽ: kumarusha0092@gmail.com.

### വാട്സ്ആപ് വഴി കത്തുകൾ അയക്കാം

വാരാദ്യമാധ്യമത്തിലേക്കുള്ള കത്തുകൾ വാട്സ്ആപ് വഴിയും രചനകൾ ഇ- മെയിലിലൂടെയും അയക്കാം.

whatsapp: 9645006105, e-mail: varadyam@madhyamam.in

തപാൽ വിലാസം: പത്രാധിപർ, വാരാദ്യമാധ്യമം. വെള്ളിമാടുകുന്ന്. പി.ഒ. കോഴിക്കോട്-12



കഥ

# ഏഫ് ഫോർ ഫാമിലി



ചിത്രീകരണം: കന്നി എം.

## ബിന്ദു മരങ്ങാട്

അവളുടെ മനസ്സുപോലെയായിരുന്നു മാനവും. കറുത്തിരുണ്ട് പെയ്യാൻ വെമ്പുന്ന ദുഃഖത്തോടെ വീശിയടിക്കുന്ന കാറ്റ് അനുനയിപ്പിച്ചും ഭീഷണിപ്പെടുത്തിയും ഒക്കെ പല ഭാവങ്ങളിൽ പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. പേടിച്ചരണ്ട മേഘങ്ങൾ വിമ്മിക്കരയാൻ തുടങ്ങി. ഉറക്കെ കരയാൻ പോലും പേടിച്ച് കണ്ണുകൾ നിറഞ്ഞ് തുളുമ്പി.

പക്ഷേ, ഉള്ളിലെ പെരുമഴയുടെ പെരുമ്പറകൾ അവൾ കേൾക്കുന്നുണ്ടായിരുന്നു. ഏത് സമയവും അതൊരു പേമാരിയായി പെയ്തിറങ്ങാമെന്ന് അവൾ ഭയന്നു. വണ്ടി നിർത്തിയപ്പോൾ പ്ലാറ്റ്ഫോമിലെ തിരക്കിലേക്ക് മോളെയുമെടുത്ത് അലിഞ്ഞുചേർന്നപ്പോഴും, അവൾ അവളെത്തന്നെ അറിയുന്നുണ്ടായിരുന്നില്ല. വർഷങ്ങൾക്ക് മുമ്പ് ആസ്വദിച്ച് നടന്നിരുന്ന വഴികളിലൂടെ ആരോ നിയന്ത്രിക്കുന്ന പാവപോലെ യാന്ത്രികമായി അവൾ നീങ്ങി.

റെയിൽവേ സ്റ്റേഷന് പുറത്ത് അവർ സ്ഥിരം ചായകുടിച്ചിരുന്ന ഹോട്ടലിൻെറ മുന്നിൽ ഒരു നിമിഷം അവൾ നിന്നു. തോളത്ത് ഉണർന്ന് കിടന്ന കുട്ടിയുടെ ചെവിയോട് ചുണ്ട് ചേർത്ത് അവൾ ചോദിച്ചു. 'മോൾക്ക് ചായവേണോ?'

'എത്താറായോ അമ്മേ?' 'ഇല്ല കുറച്ചു കൂടി പോകണം'

'എന്നാലെനിക്ക് അച്ഛനെ കണ്ടിട്ട് മതി.'

ഒരിക്കൽപോലും കാണാത്ത അച്ഛനെ ഇവൾക്ക് എങ്ങനെ ഇഷ്ടപ്പെടാൻ പറ്റുന്നു. അറിയില്ല, പഴയ കഥകൾ അറിയാനുള്ള പ്രായമായിട്ടില്ല മകൾക്ക് എന്ന് കരുതി ഒന്നും പറഞ്ഞിരുന്നില്ല. അതൊരു തെറ്റിദ്ധാരണയായിരുന്നു എന്ന് തിരിച്ചറിഞ്ഞത് ഇന്നലെ അയാളുടെ ചെറിയമ്മ അവരെ കാണാൻ വന്നതിന് ശേഷമാണ്. വർഷങ്ങൾക്ക് ശേഷം അവളുടെ ഒറ്റമുറി വാടകവീട്ടിലേക്ക് ആദ്യമായിട്ടെത്തിയ അയാളുടെ ബന്ധുവായിരുന്നു അവർ. അവരോട് മോശമായി പെരുമാറാൻ അവൾക്ക് കഴിയുമായിരുന്നില്ല. ആരുടെയൊക്കെയോ വാക്ക് കേട്ട് പൂർണഗർഭിണിയായ അവളെ വീട്ടിൽനിന്ന് ചവിട്ടി പുറത്താക്കുമ്പോൾ, അവളോടൊപ്പം കരഞ്ഞ ഒരേയൊരു മുഖം ഈ ചെറിയമ്മയുടേതായിരുന്നു. ഇന്നലെ അവർ വഴിതേടിപ്പിടിച്ച് വന്നത് അയാളുടെ ദൂതും കൊണ്ടായിരുന്നു എന്നറിഞ്ഞ നിമിഷം പൊട്ടിത്തെറിച്ചതാണ്.

'രാമായണത്തിലെ സീതയൊന്നുമല്ല ഞാൻ, അഗ്നിശുദ്ധി തെളിയിച്ച് മഹാറാണിയാകാനൊട്ട് ആഗ്രഹവും ഇല്ല. പോയി പറഞ്ഞേക്ക്, എവിടെ, എങ്ങനെ ഉപേക്ഷിച്ചാലും എൻെറ മോളെ വളർത്താൻ എനിക്കറിയാമെന്ന്. ആരുടെ കൊട്ടാരവാതിൽക്കലും കരയുന്ന മുഖവുമായി ഒരു വിളിക്ക് കാതോർത്തിരിക്കുകയൊന്നുമല്ല.'

പിന്നെയുമെന്തൊക്കെയോ പറഞ്ഞു. പെരുവഴിയിലനുഭവിച്ച അനാഥത്വം, നേരിട്ട പരിഹാസങ്ങൾ, അനുഭവിച്ച യാതനകൾ ഓരോന്നും അവളുടെയുള്ളിൽ തിരശ്ശീലയിലെന്നപോലെ മിന്നിമറഞ്ഞു.

ജീവിതം അവസാനിപ്പിക്കാനാണ് റെയിൽവേ സ്റ്റേഷനിലെത്തിയത്. ഉള്ളിലിരുന്ന് ഇവൾ ചവിട്ടിക്കുതിച്ചപ്പോൾ ആ മുഖമൊന്ന് കണ്ടിട്ട് മരിക്കാമെന്ന് കരുതി. പിന്നെ സ്വന്തം വീട്ടിലെ സുരക്ഷിതത്വം ചേട്ടത്തിയമ്മ വന്നു കയറുന്നതുവരെയേ ഉണ്ടായിരുന്നുള്ളൂ. എല്ലാവരുടെയും കണ്ണിലെ കരടായി അവളും കുഞ്ഞും മാറുന്നുവെന്നറിഞ്ഞ നിമിഷം വീട്ടിൽനിന്നിറങ്ങി. നിസ്സഹായയായി കണ്ണീർ തുളുമ്പിനിന്ന അമ്മയുടെ മുഖം മാത്രം മനസ്സിനെ വേദനിപ്പിച്ചു. ജീവിക്കാനുള്ള പോരാട്ടത്തിൻെറ ദിവസങ്ങളായിരുന്നു പിന്നെ. ആർക്കുമുന്നിലും തല കുനിക്കാതെ നിൽക്കാമെന്ന അവസ്ഥ വന്നപ്പോൾ അയാൾക്ക് മോളെ കണ്ടിട്ട് മരിക്കണം പോലും. അവൾ മുറ്റത്തേക്ക് കാറിത്തുപ്പി.

അതുവരേക്കും നിശ്ശബ്ദയായിരുന്ന ചെറിയമ്മ പറഞ്ഞു തുടങ്ങിയതും പതുക്കെയായിരുന്നു.

'എനിക്കെല്ലാമറിയാം. ഭർത്താവുപേക്ഷിച്ച പെണ്ണിനെ സമൂഹം എങ്ങനെ കാണുമെന്നും നീ എന്തൊക്കെ അനുഭവിച്ചിട്ടുണ്ടാകുമെന്നും എനിക്ക് ഊഹിക്കാം. നീയിപ്പറഞ്ഞതിനൊന്നും ഞാൻ കുറ്റം പറയില്ല. പക്ഷേ, അവനിനി ഏറിയാൽ രണ്ടു മാസം. അതിൽ കൂടുതൽ ആയുസ്സ് ഡോക്ടർമാർ തന്നിട്ടില്ല. നിൻെറ ഭർത്താവായിരുന്നുവെന്നോ, കുഞ്ഞിൻെറ അച്ഛനായിരുന്നുവെന്നോ നീ കരുതേണ്ട, മരണം കാത്ത് കിടക്കുന്ന ഓരാളുടെ അവസാനത്തെ ആഗ്രഹം. അത് സാധിച്ചുകൊടുക്കാനുള്ള മനസ്സ് നീ കാണിക്കണം.'

'ഒരു മാതിരി പൈങ്കിളി ടീവി സീരിയലുകളിലെ സെൻറിമെൻറൽ ഡയലോഗും കൊണ്ട് വരല്ലേ ചെറിയമ്മേ, വന്ന വഴി പോകാൻ നോക്കൂ' എന്ന് പറഞ്ഞ് ആട്ടിവിട്ടപ്പോഴും അവരുടെ കണ്ണിൽ അപേക്ഷയായിരുന്നു.

ഇട്ടിരുന്ന ചുരിദാറിൻെറ തുമ്പിൽതൂങ്ങി മോൾ ഉണ്ടായിരുന്നു എന്ന് അറിഞ്ഞില്ലായിരുന്നു. അവൾ നീട്ടിയ സോഷ്യൽസ്റ്റഡീസ് പുസ്തകത്തിൻെറ ഒന്നാം പേജിലെ 'മൈ ഫാമിലി' എന്ന പാഠത്തിലെ ഫാമിലി ഫോട്ടോ ഒട്ടിക്കേണ്ട സ്ഥലം കാലിയാക്കിയിട്ടിരിക്കുന്നത് അവൾ കാണിച്ചു.

'ഇവിടെ ഒട്ടിക്കേണ്ട പടത്തിലെ ഫാദറാണോ എന്നെ കാണണം എന്ന് പറയുന്നത്?' നമുക്ക് പോവാമ്മേ..'

കൈയോങ്ങിയത് അടിക്കാനാണെങ്കിലും അവളുടെ ഭാവമാറ്റം കണ്ട് ആ കുഞ്ഞിക്കണ്ണുകളിലെ ഭീതിയും നിഷ്കളങ്കതയും അവളെ നിശ്ശബ്ദയാക്കി. ജീവിതത്തിലെ കഴിഞ്ഞുപോയ ഓരോ ദിവസങ്ങളും ചിന്തകളായി അവളുടെ മനസ്സിനെ പൊള്ളിച്ചുകൊണ്ട് ഉറങ്ങാൻ കിടന്നപ്പോഴാണ് മോൾ അടുത്ത ചോദ്യം ചോദിച്ചത്. മടിച്ച് മടിച്ച്, വാക്കുകൾ മുറിഞ്ഞ് അവൾ ചോദിച്ച ചോദ്യം വല്ലാതെ ഞെട്ടിച്ചു.

'എൻെറ മൈ ഫാമിലി പാഠത്തിൽ ഒട്ടിക്കാൻ ഒരു ഫോട്ടോ മാത്രം വാങ്ങിയിട്ട് തിരിച്ചു വരാം. അമ്മേ.. പ്ലീസ് അച്ഛൻ മരിച്ചുപോയാലോ?'

അവളുടെയുള്ളിൽ എന്നോ മരിച്ചിരുന്നു അയാൾ. പക്ഷേ, മകൾ വളരുകയാണെന്ന സത്യം അംഗീകരിച്ചേ മതിയാകൂ. കഴിഞ്ഞ ദിവസം രാമായണം കഥ പറഞ്ഞ് കൊടുക്കുമ്പോൾ മകൾ ചോദിച്ചു. 'എന്നാലും സീതക്ക് ഒന്നുകൂടി ട്രൈ ചെയ്യാമായിരുന്നു. ആദ്യം ഫയറിൽ ചാടിയിട്ട് ഒന്നും പറ്റിയില്ലല്ലോ, പിന്നെന്താ ഒന്നുംകൂടി ഫയറിൽ ചാടിയിരുന്നെങ്കിൽ അവൾക്ക് ക്വീനായിട്ട് കഴിയാമായിരുന്നില്ലേ? '

അമ്മക്കും ഭാര്യക്കും മകൾക്കും ഒക്കെ അപ്പുറം അവൾക്കൊരു വ്യക്തിത്വം ഉണ്ടായിരിക്കണം എന്ന് എങ്ങനെയാണ് അവളെ പറഞ്ഞ് മനസ്സിലാക്കുക. ഒരു ബന്ധം നിലനിൽക്കാൻ അഗ്നിപരീക്ഷകൾ നേരിടേണ്ടത് സ്ത്രീകൾ മാത്രമാണോ എന്ന് എങ്ങനെയാണവളോട് ചോദിക്കുക? രാമായണകഥയുടെ ക്ലൈമാക്സ് മാറ്റിയെഴുതാൻ നമ്മൾ ആരാ മോളെ എന്ന് ചോദിച്ച് മകളുടെ ശ്രദ്ധ മാറ്റിയെങ്കിലും ഉള്ളിൽ നീറുന്നുണ്ടായിരുന്നു. എൻെറ മകളും മറ്റൊരു സീതയാകരുതേ എന്ന പ്രാർഥനയുണ്ടായിരുന്നു.

ചാറ്റൽമഴ നനഞ്ഞ് ഹോസ്പിറ്റലിൻെറ പടവുകൾ കയറുമ്പോഴും അടുത്ത നിമിഷം അയാളെ കാണുമ്പോൾ എങ്ങനെ പ്രതികരിക്കണമെന്നും എന്ത് പറയണമെന്നും അവൾക്ക് നിശ്ചയമുണ്ടായിരുന്നില്ല. സിസ്റ്റർ ചൂണ്ടിക്കാണിച്ച മുറിയുടെ വാതിൽ തുറന്ന് അകത്ത് കയറുമ്പോഴും ഇങ്ങോട്ടിറങ്ങി പുറപ്പെട്ട നിമിഷത്തെ അവൾ ശപിച്ചു. മകൾ തോളിലിട്ടിരുന്ന ബാഗിൽ എന്തോ തിരയുമ്പോൾ ആണ് അവൾ കണ്ടത്.

വെള്ള വിരിയിട്ട കട്ടിലിലെ കറുത്ത് മെലിഞ്ഞ രൂപം തിരിച്ചറിയാൻ ഒരു നിമിഷം വൈകി. കണ്ണുകളിടഞ്ഞ നിമിഷം. ആ കണ്ണുകളിൽ മിന്നിത്തെളിഞ്ഞത് അവിശ്വസനീയതയോ ആശ്വാസമോ? എണീറ്റിരിക്കാൻ പോലും വയ്യാതെ ഒരു വാക്ക് മിണ്ടാൻ പോലും കഴിയാതെ എന്തൊക്കെയോ പറയാൻ വെമ്പുന്ന കണ്ണുകൾ നിറഞ്ഞൊഴുകുന്നത് നോക്കി നിൽക്കെ കവിളിലെ നനവ് മഴ നനഞ്ഞതുകൊണ്ടല്ലെന്ന് അവൾ തിരിച്ചറിഞ്ഞു. രണ്ടുപേരെയും നോക്കി അന്തം വിട്ടുനിന്ന മകളുടെ കൈയിൽ അപ്പോഴും സോഷ്യൽ സ്റ്റഡീസ് പുസ്തകമുണ്ടായിരുന്നു.

•

വായന

# വൈജ്ഞാനിക സാഹിത്യത്തിന് ഒരു മുതൽക്കൂട്ട്

## കെ. കിഷോർ കുമാർ

ആംഗലേയ സാഹിത്യലോകം കാലാന്തരമായി വൈജ്ഞാനിക മേഖലയുടെ ഒരു കലവറയാണ്. മലയാളത്തിലും അടുത്തകാലത്തായി വൈജ്ഞാനിക മേഖലയിൽ എഴുത്തുകാർ രംഗത്തുവരുന്നുണ്ട്. അവരുടെ രചന വായനക്കാർ നല്ലനിലയിൽ സ്വീകരിക്കുന്നുമുണ്ട്. പ്രഭാത് ബുക്ക് ഹൗസ് പ്രസിദ്ധീകരിച്ച അബ്ദുല്ല സോണയുടെ 'ആരോഗ്യ നിയമവും നീതിയും' എന്ന പുസ്തകവും അതിൽപെടുന്നു.

പരസ്പര ബന്ധമില്ലാത്ത രണ്ടു സുപ്രധാന വൈജ്ഞാനിക ശാഖകളെ പരസ്പരം ബന്ധിപ്പിച്ച് അക്കാദമീഷ്യന്മാർ മുതൽ സാധാരണക്കാർക്ക് വരെ മനസ്സിലാവുന്നവിധം അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ പൂർണ വിജയം കൈവരിച്ചിരിക്കുന്നു. ആരോഗ്യവും അതിൻെറ നടത്തിപ്പിലെ പ്രക്രിയകളും അതിനുള്ള നിയമപരമായ ചട്ടക്കൂടുമാണ് പുസ്തകത്തിലെ ഒന്നാമത്തെ അധ്യായം. മാനസിക ആരോഗ്യവും നിയമവും നീതിയും അടുത്ത ഭാഗത്തും പറയുന്നു.

ആർക്കും കയറി കൈകാര്യം ചെയ്യാവുന്ന രംഗമല്ല ചികിത്സയുടെയും അനുബന്ധങ്ങളുടെയും വേദിയെന്നും ഭിഷഗ്വരൻ രോഗിയുടെ സംരക്ഷകനാണെന്നും അയാളുടെ ഓരോ ചലനത്തിനും നിയമപരമായ ബാധ്യതയും



**ആരോഗ്യനിയമവും നീതിയും**

**അബ്ദുല്ല സോണ**
**പേജ്: 150 വില: 135.00**
**പ്രഭാത് ബുക്ക് ഹൗസ്**

സംരക്ഷണവുമുണ്ടെന്നും ഓരോ വീഴ്ചക്കും നിയമപരമായി ഉത്തരം പറയേണ്ടിവരുമെന്നും പുസ്തകം പറയുന്നു. ഓരോ രോഗിക്കും ബന്ധുവിനും കൂട്ടിരിപ്പുകാരനും നിയമത്തിൻെറ ലോകത്ത് കടമകളും ചുമതലകളുമുണ്ടെന്നും ഓർമിപ്പിക്കുക മാത്രമല്ല, അതുസംബന്ധിച്ച ബോധവത്കരണവും നിഷ്കർഷതകളും കൂടി പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

ഒപ്പം, ഡോക്ടറുടെ അവകാശം, ബാധ്യത, മുൻകരുതൽ, ചുമതലകൾ, കടമകൾ, നിയമപരമായ ഉത്തരവാദിത്തം, യോഗ്യത വിവരങ്ങൾ, അയോഗ്യതകൾ തുടങ്ങി ഒട്ടനവധി പുതിയ അറിവുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ടം, പ്രേതപരിശോധന, ചികിത്സയേറ്റെടുക്കൽ, കോടതിനടപടികൾ, സാക്ഷിമൊഴി നൽകൽ, തൊഴിൽപരമായ പെരുമാറ്റദൂഷ്യം, തൊഴിൽപരമായ അവകാശം എന്നിങ്ങനെ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിൻെറ നിയമസാധുതവരെ പുസ്തകം വിശദമാക്കുന്നുണ്ട്.

ഡോക്ടർ, ആശുപത്രിയിലെ പാരാമെഡിക്കൽ സ്റ്റാഫ്, ആശുപത്രി ഉടമസ്ഥർ എന്നിവർക്ക് നിയമപരമായി രോഗിയോടുള്ള ബാധ്യതകളും ഉത്തരവാദിത്തങ്ങളും വിശദീകരിക്കുന്നതോടൊപ്പം അതുമായി ബന്ധപ്പെട്ട വകുപ്പുകളും ചട്ടങ്ങളും ഉദ്ധരണികളും കൂടി ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.

അലഞ്ഞുതിരിയുന്ന മനോരോഗികളെ നിയമപരമായി എങ്ങനെ കൈകാര്യംചെയ്യാമെന്നുള്ള വിശദ വിവരങ്ങളാണ് രണ്ടാമത്തെ അധ്യായത്തിൽ. വീട്ടിൽ ഒരു മനോരോഗിയുണ്ടെങ്കിൽ എന്തുചെയ്യണമെന്നും നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും നിരപരാധികളെ മനോരോഗിയാക്കി മാറ്റുന്നതിനെതിരെ നിയമപരമായി എങ്ങനെ പരിരക്ഷ നേടാമെന്നും ഈ അധ്യായത്തിൽ പറയുന്നു.

മനോരോഗികൾ ചെയ്യുന്ന കുറ്റകൃത്യങ്ങൾ, അവർക്കുള്ള നിയമപരിരക്ഷകൾ, നിയമത്തിലും ഇന്ത്യൻ പീനൽ കോഡിലും ആ തെളിവുകൾ എങ്ങനെ പരിരക്ഷിക്കപ്പെടുന്നുവെന്ന വിശദമായ പ്രതിപാദനം എന്നിവ ഈ രചനയെ വേറിട്ടതാക്കുന്നു.

മനോരോഗികളുടെ സ്വത്തവകാശം, അവരുടെ ബാധ്യതകൾ, സ്വത്ത് കൈാര്യം ചെയ്യപ്പെടൽ, ക്രയവിക്രയം എന്നിവ സംബന്ധിച്ചും മനോരോഗി രോഗമില്ലാത്ത അവസ്ഥയിൽ ചെയ്യുന്നതായ കുറ്റകൃത്യം, ക്രയവിക്രയം എന്നിവയെക്കുറിച്ചുമെല്ലാം സമഗ്രമായി ഇവിടെ പ്രതിപാദിക്കുന്നുണ്ട്.

സാങ്കേതികപദങ്ങൾക്ക് അനുയോജ്യമായ അർഥസൂചിക മലയാളത്തിൽതന്നെ അവതരിപ്പിച്ചിരിക്കുന്നു. ലളിതവും ആകർഷണീയവുമായ ഭാഷാശൈലിയും അഭിനന്ദനാർഹമാണ്.

•

കവിത

# അലച്ചിൽ



## രാജേഷ് നന്ദിയംകോട്


പൂക്കളുടെ ഭാഷയാണ്
പൂമ്പാറ്റകൾ
പഠിക്കുന്നത്.

ഇലകളുടെ ഭാഷയാണ്
മണ്ണ് ശ്രവിക്കുന്നതും.

കാറ്റ്
അതിൻെറ ഒരു കഷണം
മുറ്റത്തിട്ട് പോയാൽ കാണാം,
ചുറ്റിവന്ന വഴികളിലെ
നേരും നെറിയും.

പുസ്തകം






### നീട്ടിയെഴുത്തുകൾ

**ഖദീജ മുംതാസ്**
**പേജ്: 206 വില: 190.00**
**ഡി.സി ബുക്സ്**


'ബർസ'ക്കു ശേഷമുള്ള ഖദീജ മുംതാസിൻെറ ശക്തമായ നോവൽ. ഇന്ത്യാചരിത്രത്തോടും കേരളത്തിൻെറ സവിശേഷ ചരിത്രാനുഭവങ്ങളോടും ചേർത്തുവെച്ച് മുസ്ലിം സ്ത്രീയുടെ മൂന്നു തലമുറ ജീവിതങ്ങളെ അവതരിപ്പിക്കുന്നു.



### വിശ്വോത്തര ക്രിസ്മസ് കഥകൾ

**പരിഭാഷ: പി.ജെ. മാത്യു**
**പേജ്: 136 വില: 125.00**
**മാതൃഭൂമി ബുക്സ്**


ടോൾസ്റ്റോയ്, ആൻറൺ ചെക്കോവ്, ദസ്തയേവ്സ്കി, ചാൾസ് ഡിക്കൻസ്, മോപ്പസാങ്, ഒ. ഹെൻറി, സെൽമ ലാഗർലോഫ്, ബിയാട്രിക്സ് പോട്ടർ തുടങ്ങിയ വിശ്വസാഹിത്യകാരന്മാരുടെ ക്രിസ്മസ് പ്രമേയമായി വരുന്ന 15 വിശ്വപ്രസിദ്ധ കഥകളുടെ സമാഹാരം.



### മുഹമ്മദ് നബിയുടെ നേതൃത്വം

**ജോൺ അഡയർ**
**വിവ: ഷമീർ കെ.എസ്.**
**പേജ്: 126 വില: 130.00**
**ഐ.പി.എച്ച്**


മുഹമ്മദ് നബിയുടെ നേതൃഗുണങ്ങൾ വിശദമാക്കുന്ന ചരിത്രഗ്രന്ഥം. ലോകപ്രശസ്ത മാനേജ്മെൻറ് പരിശീലകൻ ജോൺ അഡയർ മുഹമ്മദ് നബിയെന്ന ജനനേതാവിൻെറ സമ്പൂർണ മാതൃക അവതരിപ്പിക്കുന്നു. കെ.പി. രാമനുണ്ണിയുടെ അവതാരിക.



### വ്യക്തിനിയമങ്ങളും ഏകീകൃത സിവിൽകോഡും

**കാസിം ഇരിക്കൂർ**
**പേജ്: 76 വില: 65.00**
**ഇസ്ലാമിക് പബ്ലിഷിങ് ബ്യൂറോ**


രാജ്യത്തെ വ്യക്തിനിയമങ്ങളെയും ഏകീകൃത സിവിൽ കോഡ് സങ്കൽപത്തെയും കുറിച്ച് ചർച്ചചെയ്യുന്ന പുസ്തകം. ഇന്ത്യൻ ഭരണഘടന, മതേതരത്വം, വ്യത്യസ്ത കോടതി വിധികൾ, ഷാബാനു കേസ്, ചരിത്ര പ്രമാണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിഷയത്തെ കൈകാര്യം ചെയ്തിരിക്കുന്നു.



### ഭൂമിവാതുക്കലും പ്രണയത്തിൻെറ നാനാർഥങ്ങളും

**പി.കെ. പാറക്കടവ്**
**പേജ്: 180 വില: 160.00**
**അസെൻഡ് ബുക്സ്**


വർത്തമാനകാല കഥാരൂപങ്ങളിൽനിന്ന് വ്യത്യസ്തമായ ആഖ്യാനശൈലിയുള്ള കഥകൾ. മാനവജീവിതത്തിൻെറ ബഹുമുഖഭാവങ്ങൾ അനാവരണം ചെയ്യുന്ന കഥകളുടെ സമാഹാരം.



### കേരളീയ നവോത്ഥാനത്തിൻെറ അന്തർധാരകൾ

**ഡോ. അനഘ ബി.കെ.**
**പേജ്: 73 വില: 65.00**
**ഒലിവ് പബ്ലിക്കേഷൻസ്**


നവോത്ഥാനത്തിൻെറ കാതൽ നവോത്ഥാന നായകരിലൂടെയും സംഘടനകളിലൂടെയും സാഹിത്യരചനകളിലൂടെയും എപ്രകാരം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു എന്ന ചരിത്രപാഠത്തെ വിശകലനം ചെയ്യുന്ന കൃതി.



### ചലച്ചിത്രത്താഴ്

**അപർണ**
**പേജ്: 165 വില: 150.00**
**ഫേബിയൻ ബുക്സ്**

നവീനമായ രചനാരീതിയിൽ തയാറാക്കിയ സിനിമ എഴുത്തുകൾ. മികച്ച ചലച്ചിത്രനിരൂപണ ഗ്രന്ഥത്തിനുള്ള കോഴിക്കോടൻ പുരസ്കാരം ലഭിച്ച കൃതി.




### ബെറ്റർ ഇംഗ്ലീഷ്

**ജോയ് നായരമ്പലം**
**പേജ്: 175 വില: 170. 00**
**ഗ്രീൻ ബുക്സ്**

ഇംഗ്ലീഷ് ഭാഷയുടെ അടിസ്ഥാന തത്ത്വങ്ങൾ ലളിതമായി വിവരിക്കുന്ന കൃതി. ഉച്ചാരണം മുതൽ വ്യാകരണം വരെ പരിശീലിപ്പിക്കുന്ന ഗ്രന്ഥം സാധാരണക്കാർക്കും വിദ്യാർഥികൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നു.

കൃഷി



# ഗോപിനാഥിൻെറ സാമ്പത്തികകാര്യം

ടി.വി. ഗോപിനാഥ്

**മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ഗീത ഗോപിനാഥിൻെറ പിതാവ് ഗോപിനാഥ് സംഘടിപ്പിച്ച കർഷക കൂട്ടായ്മയുടെ കൃഷിവിശേഷങ്ങൾ**

## വാസുദേവൻ കുപ്പാട്ട്

സ്വദേശമായ മയ്യിൽനിന്ന് പുറപ്പെട്ട് മൈസൂരുവിൽ സ്വപ്നപദ്ധതിയുമായി നങ്കൂരമിട്ടെങ്കിലും തെനശ്ശേരി വീട്ടിൽ ഗോപിനാഥ് എന്ന ടി.വി. ഗോപിനാഥിൻെറ മനസ്സിൽ പട്ടണങ്ങളിൽ തട്ടിയും തടഞ്ഞും മുന്നോട്ടുപോയ ജീവിതത്തിൻെറ പരുക്കൻ ഭാവങ്ങൾ ഇന്നും ബാക്കിയാവുന്നുണ്ട്. തലശ്ശേരി ബ്രണ്ണൻ കോളജിൽനിന്ന് ഗണിതത്തിൽ നേടിയ ബിരുദവുമായി മുംബൈക്ക് വണ്ടി കയറുന്നത് 1958ൽ. 200 രൂപ ശമ്പളത്തിന് ജോലി ചെയ്ത കാലം. പിന്നീട് തൃശ്ശിനാപ്പള്ളിയിൽ. തുടർന്ന് മൈസൂരുവിൽ. അവിടെ ഉഷ ഫാൻ കമ്പനിയിൽ മാർക്കറ്റിങ് മാനേജറായി ദീർഘകാലം സേവനം ചെയ്തു. 1980ൽ സ്വയം വിരമിച്ചു. പിന്നീട് സ്വന്തം നിലക്ക് വ്യവസായസ്ഥാപനങ്ങൾ നടത്തി. എല്ലാം ഇട്ടെറിഞ്ഞ് കൃഷിയിലേക്ക് തിരിഞ്ഞിട്ട് ഇരുപത് വർഷം.

വ്യവസായംവിട്ട് കൃഷിയിലേക്ക് തിരിഞ്ഞത് ഗോപിനാഥിൻെറ ജീവിതത്തിലെ വഴിത്തിരിവായിരുന്നു. മണ്ണിനെയും കൃഷിയെയും സ്നേഹിക്കുന്ന ഒരുകൂട്ടം ആളുകളെ സംഘടിപ്പിച്ച് കർഷകരുടെ കൂട്ടായ്മ ഉണ്ടാക്കിയതോടെ ഗോപിനാഥ് ജീവിതത്തിന് അർഥവും ആഴവും കണ്ടെത്തി. മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവ് ഗീത ഗോപിനാഥിൻെറ പിതാവ് എന്ന നിലയിൽ അൽപം സെലിബ്രിറ്റിയായെങ്കിലും ഇപ്പോഴും സാധാരണക്കാരൻെറ മനസ്സാണ്. മകൾക്ക് മകളുടെ വഴി എനിക്ക് എൻെറ വഴി എന്നാണ് മട്ട്. എന്നാൽ, ഗീത ഗോപിനാഥിനെപ്പറ്റി പറയുമ്പോൾ വാക്കുകളിൽ അഭിമാനവും അതിലേറെ സന്തോഷവും.

മൈസൂരു ജില്ലയിൽ ഹുൻസൂർ താലൂക്കിൽ ബംഗിപുര വില്ലേജിലാണ് ഗോപിനാഥ് അമ്പതേക്കർ സ്ഥലം വാങ്ങി തോട്ടം ഒരുക്കിയത്. തരിശായി കിടന്ന ഭൂമിയായിരുന്നു അത്. വെള്ളം കിട്ടുന്നതിനായി കിണർ കുഴിക്കുകയാണ് ആദ്യം ചെയ്തത്. കുഴൽകിണർ കുഴിച്ചതോടെ വെള്ളം യഥേഷ്ടം കിട്ടിത്തുടങ്ങി. വർഷത്തിൽ ഭൂരിഭാഗവും വരൾച്ച അനുഭവപ്പെടുന്ന കാലാവസ്ഥയോട് പൊരുതി നിൽക്കാൻ ഇത് സഹായിച്ചു. തെങ്ങ് കൃഷിയാണ് ആദ്യം തുടങ്ങിയത്. നാടൻ തെങ്ങിൻതൈ ഒന്നിന് 20 രൂപ എന്ന നിരക്കിൽ വാങ്ങുകയായിരുന്നു. നാലു വർഷം കൊണ്ട് തെങ്ങ് കായ്ച്ചു. മാവിൻതൈകൾ നട്ടതോടെ സ്ഥലത്തിന് തോട്ടത്തിൻെറ രൂപഭാവങ്ങൾ കൈവന്നു. പേരക്കയും ചിക്കുവും കൃഷി ചെയ്തു. ഇടവിളയായി വാഴ നട്ടു. ഊഷരമായ മണ്ണിൽ വാഴകൃഷി ഒരു വെല്ലുവിളി തന്നെയായിരുന്നു. എന്നാൽ, മണ്ണിനെ വരുതിയിലാക്കാനുള്ള ശ്രമം തുടർന്നു. തക്കാളി, വെണ്ട, വഴുതിന തുടങ്ങിയ പച്ചക്കറികളും കൃഷി ചെയ്തു. കുമ്പളം, വെള്ളരി, കാബേജ്, കാരറ്റ് എന്നിവ ഇടകൃഷിയായി എത്തി. 15 പേർ ജോലിക്കാരായുണ്ട്. ഒരു വിള കൊണ്ടുമാത്രം മുന്നോട്ടു പോകാനാവില്ലെന്ന് അനുഭവത്തിൻെറ വെളിച്ചത്തിൽ ഗോപിനാഥ് പറയുന്നു.

സ്വന്തം കൃഷിയിടത്തിൽ ലാഭമുണ്ടായപ്പോഴാണ് മൈസൂരുവിലെ കർഷകരെ സംഘടിപ്പിക്കാനുള്ള ആശയം മനസ്സിലുദിച്ചത്. അങ്ങനെയാണ് റൈത്ത് മിത്ര (കർഷകരുടെ സുഹൃത്ത്) എന്ന പ്രസ്ഥാനം ഉണ്ടാവുന്നത്. 1200ഓളം കർഷകർ ഈ കൂട്ടായ്മയിൽ അംഗങ്ങളാണ്. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്താണ് പ്രവർത്തിക്കുന്നത്. 500 ഓഹരിയുടമകളും 700 പേർ അടങ്ങുന്ന കർഷക ഗ്രൂപ്പുകളും അടങ്ങുന്നതാണ് കമ്പനി. 15 മുതൽ 20 പേർ വരെ അംഗങ്ങളാണ് കർഷക ഗ്രൂപ്പുകളിൽ ഉള്ളത്. മൈസൂരു ഉൾപ്പെടെ എട്ടു ജില്ലകളിൽ റൈത്ത് മിത്രയുടെ പ്രവർത്തനം വ്യാപിച്ചുകിടക്കുന്നു. അര ഏക്കർ മുതൽ രണ്ട് ഏക്കർ വരെ കൃഷിസ്ഥലമുള്ള കർഷകർ ഇതിൽ അംഗങ്ങളാണ്. ആദ്യവർഷത്തിൽ 68 ലക്ഷമായിരുന്നു കമ്പനിയുടെ വിറ്റുവരവ്. 28,000 രൂപ ലാഭം കിട്ടി. ഇത്തവണ മൂന്നുകോടി വിറ്റുവരവാണ് പ്രതീക്ഷിക്കുന്നത്. കർഷകർക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ കമ്പനി വിതരണം ചെയ്യും. നെല്ല് ഉൾപ്പെടെയുള്ള ധാന്യങ്ങൾ കമ്പനി സംഭരിക്കും. വിലയുടെ 75 ശതമാനം നൽകിയാണ് സംഭരണം. സർക്കാർ വെയർഹൗസുകൾ വാടകക്കെടുത്താണ് നെല്ല് സംഭരണം. മൈസൂരുവിൽ മാത്രം രണ്ട് ഡിപ്പോകളുണ്ട്. നാലെണ്ണം മറ്റു ജില്ലകളിലാണ്. കർഷകർക്ക് കനറാ ബാങ്ക് വഴി വായ്പ ലഭ്യമാക്കുന്നതും കമ്പനിയുടെ ഉത്തരവാദിത്തത്തിലാണ്. നാല് ശതമാനം പലിശനിരക്കിലാണ് വായ്പ. സംഭരിക്കുന്ന നെല്ല് കൂടുതൽ വില കിട്ടുമ്പോൾ വിൽപന നടത്തും. ഇതിൻെറ ലാഭം കർഷകർക്ക് വീതിച്ചുനൽകും. നെല്ലിന് പുറമെ കരിമ്പ്, തെങ്ങ്, വാഴ, പരിപ്പ്, ചെറുപയർ, പച്ചക്കറികൾ എന്നിവയും ഈ കൂട്ടായ്മയിലെ കർഷകർ കൃഷി ചെയ്യുന്നു. ഓരോ കർഷകരും ഓരോ വിള പ്രത്യേകമായി തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. കരിമ്പു കർഷകനായ ശാന്തകുമാർ ആണ് സംഘത്തിൻെറ പ്രസിഡൻറ്.

കൃഷി ലാഭകരമാണെന്ന് ഈ കർഷകർ പറയുന്നു. ഗോപിനാഥിനും മറിച്ചൊരു അഭിപ്രായമില്ല. കൃഷി ഒരു എളുപ്പപ്പണിയല്ല. അതൊരു ടഫ് ജോബ് തന്നെയാണ്. താൽപര്യമുള്ളവർ ഈ രംഗത്തേക്ക് വന്നാൽ മതി. അധ്വാനിക്കാനുള്ള മനസ്സ് ഉണ്ടാവണം എന്നുമാത്രം. മലയാളിക്ക് എല്ലാം വേണം. എന്നാൽ, നാട്ടിൽ ജോലി ചെയ്യാൻ മടിയാണ്. മറുനാട്ടിൽ എന്തു പണി ചെയ്യാനും മടിയില്ലതാനും. ഈ വർക്ക് കൾചർ മാറണം -ഗോപിനാഥ് പറയുന്നു.

ഏറ്റവും കൂടുതൽ ചൂഷണത്തിന് വിധേയരാവുന്നത് കർഷകരാണ്. അതുകൊണ്ടാണ് അവരെ സഹായിക്കുന്ന ഒരു സംരംഭം തുടങ്ങാൻ തീരുമാനിച്ചത്. കർഷകരെ കുറെയൊക്കെ സഹായിക്കാൻ കഴിഞ്ഞു എന്നാണ് തോന്നുന്നത്. റൈത്ത് മിത്രയുടെ നേതൃത്വത്തിൽ മലേഷ്യ, സിംഗപ്പൂർ എന്നിവിടങ്ങളിൽ കർഷകരെ പഠനയാത്രക്ക് കൊണ്ടുപോയിട്ടുണ്ട്. ഡൽഹി, ഹരിയാന, പശ്ചിമബംഗാൾ, സിക്കിം എന്നീ സംസ്ഥാനങ്ങളിലും കേരളത്തിലും കർഷകസംഘം സഞ്ചരിച്ചുകഴിഞ്ഞു. ജൈവകൃഷിയുടെ പാഠങ്ങൾ തേടിയും യാത്ര ഉണ്ടായിട്ടുണ്ട് -ഗോപിനാഥ് പറഞ്ഞു.

സെൻട്രൽ ഫുഡ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന 'ചിയ' എന്ന ധാന്യവിത്ത് വിതരണം ചെയ്യാനും കമ്പനിക്ക് സാധിച്ചു. കൂട്ടായ്മയിലെ അറുപത് കർഷകർക്കാണ് ആദ്യഘട്ടത്തിൽ വിത്ത് നൽകിയത്. മുത്താറിയുടെ മാതൃകയിലുള്ള ധാന്യമാണ് ചിയ. സൗത്ത് അമേരിക്കയിലെ മെക്സികോയാണ് ചിയയുടെ ജന്മദേശം. അവിടെ വികസിപ്പിച്ചെടുത്തതാണ്. കടുകിനെക്കാൾ അൽപം വലുപ്പമുള്ള വിത്താണിത്. വരണ്ട മണ്ണിലും ചിയയുടെ കുഞ്ഞുതൈകൾ വളരും. തുളസി പോലെ കുറ്റിച്ചെടിയായാണ് വളരുക. മണ്ണ് വരണ്ടതാണെങ്കിലും ഡ്രിപ് ഇറിഗേഷനിലൂടെ വളർത്തിയെടുക്കാം. ആഴ്ചയിൽ മൂന്നോ നാലോ നന മതി. പോളിത്തീൻ കവറുകളിൽ മണ്ണിട്ട് അതിൽ വിത്ത് പാകിയാണ് മുളപ്പിക്കുക. 21 ദിവസമായാൽ പറിച്ചുനടണം. പ്രോട്ടീനും ഫൈബറും അടങ്ങുന്ന ചിയ ഹെൽത്ത് സപ്ലിമെൻറ് എന്ന നിലയിൽ ഉപയോഗിക്കാവുന്നതാണ്. അരിയിൽ അഞ്ചുമുതൽ ആറ് ശതമാനം വരെയാണ് പ്രോട്ടീൻ എങ്കിൽ ചിയയിൽ ഇത് 18 മുതൽ 22 ശതമാനമാണ്. രാവിലെയും വൈകുന്നേരവും 15 ഗ്രാം വീതം ചിയ കഴിച്ചാൽ ആരോഗ്യത്തിന് ഉത്തമമെന്നാണ് വിദഗ്ധർ പറയുന്നത്. മാർക്കറ്റിൽ സ്ഥാനം നേടിവരുന്നതേയുള്ളൂ. വിദേശ മാർക്കറ്റ് ആണ് ലക്ഷ്യമിടുന്നത്.

ജൈവകൃഷി വിചാരിക്കുന്നപോലെ എളുപ്പമല്ല എന്നാണ് ഗോപിനാഥിൻെറ പക്ഷം. ജൈവകൃഷിക്ക് പകരം മിതമായ തോതിൽ രാസവളവും ഏറ്റവും കുറഞ്ഞ തോതിൽ കീടനാശിനിയും ഉപയോഗിച്ചുള്ള പ്രകൃതിയോട് ഇണങ്ങുന്ന കൃഷിരീതിയാണ് അഭികാമ്യം എന്നു ഗോപിനാഥ് പറയുന്നു.

പൂകൃഷി നടത്തിയാണ് കൃഷിയുമായി ബന്ധപ്പെട്ട വ്യവസായത്തിലേക്ക് ഗോപിനാഥ് ചുവടുമാറിയത്. മടിക്കേരിയിലും കുടകിലും മറ്റും ആന്തൂറിയം കൃഷി ചെയ്തു. റോക്ക് വുഡ് ആന്തൂറിയം എന്ന പേരിൽ വിപണിയിലിറക്കി. ഇന്നും ഗോപിനാഥിൻെറ വിസിറ്റിങ് കാർഡിൽ ഫ്ലോറി കൾചർ കൺസൽട്ടൻറ് എന്നു കാണാം. പിന്നീടാണ് പൂകർഷകരെയും പച്ചക്കറി കർഷകരെയും സഹായിക്കുന്ന പ്രസ്ഥാനത്തിന് രൂപം നൽകിയത്. ഇതിനിടയിൽ കേരള കാർഷിക മന്ത്രാലയത്തിൻെറ ഉപദേഷ്ടാവാകാനും ഗോപിനാഥിന് നിയോഗമുണ്ടായി. കെ.ആർ. ഗൗരിയമ്മ കൃഷിമന്ത്രിയായിരുന്ന കാലത്തായിരുന്നു അത്. നെല്ലിയാമ്പതിയിൽ ഒരു ഏക്കർ സ്ഥലത്ത് ആന്തൂറിയം കൃഷി ചെയ്തത് ഗോപിനാഥിൻെറ മേൽനോട്ടത്തിലായിരുന്നു. ഗൗരിയമ്മയെപ്പറ്റി നല്ലതുമാത്രമേ ഗോപിനാഥിന് പറയാനുള്ളൂ.

ഗീത ഗോപിനാഥിനും മൂത്തമകൾ അനിതക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ സാധിച്ചത് ചാരിതാർഥ്യത്തോടെ ഗോപിനാഥ് ഓർക്കുന്നു. അനിത ഡൽഹിയിൽ ഗാർമെൻറ്സ് എക്സ്പോർട്ടിങ് കമ്പനി നടത്തുന്നു. ഭർത്താവ് മനീന്ദർകുമാർ സിങ് പഞ്ചാബ് സ്വദേശിയാണ്. ഗീത ഗോപിനാഥ് ഡൽഹി ലേഡി ശ്രീറാം കോളജിൽനിന്നാണ് ബിരുദമെടുത്തത്. ഡൽഹി സ്കൂൾ ഓഫ് ഇക്കണോമിക്സിൽനിന്ന് ഓണേഴ്സ് പാസായി. അമേരിക്കയിലെ പ്രിൻസ്റ്റൺ യൂനിവേഴ്സിറ്റിയിൽനിന്നാണ് ഡോക്ടറേറ്റ് നേടിയത്. ഇപ്പോൾ ബോസ്റ്റൺ ഹാർവഡ് യൂനിവേഴ്സിറ്റിയിൽ പ്രഫസറാണ്. ഭർത്താവ് ഇക്ബാൽ ധാലിവാൽ വരുന്നതും പഞ്ചാബിൽനിന്നാണ്. അമർത്യ സെന്നിനുശേഷം ഏഷ്യയിൽനിന്ന് ഹാർവഡിൽ പ്രഫസർ ആകുന്ന വ്യക്തി. ആദ്യത്തെ വനിതയും. മോദിയെ ഗീത അനുകൂലിച്ചിട്ടില്ല. നോട്ട് പിൻവലിച്ചത് വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് എന്നാണ് പറഞ്ഞത്. പ്രത്യേകിച്ചും ആയിരം രൂപയുടെ കാര്യത്തിൽ. മകൾക്കെതിരെയുള്ള വിമർശനങ്ങൾക്ക് ഗോപിനാഥ് ഇങ്ങനെ മറുപടി നൽകുന്നു. മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവാകുന്നതോടെ നാടിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ കഴിയുമെന്നാണ് അവൾ പ്രതീക്ഷിക്കുന്നത്. അതുതന്നെയാണ് ഞാനും അവളോട് പറഞ്ഞത്.

മൈസൂരുവിലെ കുവെമ്പുനഗർ ഡബ്ൾലൈൻ റോഡിലെ സൃഷ്ടി എന്ന വസതിയിൽ ഗോപിനാഥും ഭാര്യ വിജയലക്ഷ്മിയും തനിച്ചാണ്. വിജയലക്ഷ്മി വീടിന് സമീപം പ്ലേ സ്കൂൾ നടത്തുന്നു. ഞങ്ങളുടെ വീട്ടിൽ ആരും വെറുതെയിരിക്കുന്നില്ല -ഗോപിനാഥ് പറഞ്ഞു. എൺപതിലും ചുറുചുറുക്കോടെ ഗോപിനാഥ് കൃഷിയിലും സ്വന്തം സ്ഥാപനങ്ങളിലും ഓടിനടക്കുകയാണ്. വിശ്രമത്തിന് ഇനിയും സമയമുണ്ട് എന്ന വിശ്വാസത്തോടെ. •



ഗോപിനാഥിൻെറ കൃഷിത്തോട്ടത്തിൽനിന്ന്

ജീവിതം

# ഇവരെ നാം മറന്നുവോ?

**ഒരു കാലത്ത് കലാലോകത്ത് നിറഞ്ഞുനിന്ന മൂന്ന് നക്ഷത്രങ്ങൾ- മച്ചാട്ട് വാസന്തി, രാജൻ പാടൂർ, വൽസൻ ഡിക്രൂസ്. ഇപ്പോൾ അവർ ജീവിക്കാൻ പാടുപെടുകയാണ്**



മച്ചാട്ട് വാസന്തി

## കെ.എം. റഷീദ്

കലയായിരുന്നു അവർക്ക് ജീവിതം. ചിരിയിലും കണ്ണീരിലും ഭാവങ്ങളിലുമെല്ലാം വർഷങ്ങളായി അവർ നമ്മുടെ കൂടെയുണ്ട്. കാലമോ സമയമോ ആരോഗ്യമോ പോലും നോക്കാതെ അരങ്ങിലും അണിയറയിലും നിറഞ്ഞവർ. അരങ്ങുകളിൽനിന്ന് അരങ്ങുകളിലേക്ക്, ശബ്ദബഹളങ്ങളുടെ പ്രകാശം നിറഞ്ഞ തിരക്കുകളിൽനിന്ന് ഇരുട്ടിൻെറ അണിയറയിലേക്ക് പിൻവാങ്ങുമ്പോൾ അവർക്ക് ബാക്കിയാവുന്നതെന്താണ്? മച്ചാട്ട് വാസന്തി, രാജൻ പാടൂർ, വൽസൻ ഡിക്രൂസ്... ഒരു കാലത്ത് കലയുടെ ലോകത്ത് നിറഞ്ഞുനിന്ന മലയാളത്തിൻെറ മൂന്ന് നക്ഷത്രങ്ങൾ. സ്റ്റേജുകളിലെ മധുരഗീതമായും നടനത്തിൻെറ അദ്ഭുതമായും കലയുടെ പൂർണതയായും നിറഞ്ഞു നിന്നവർ. ഇപ്പോൾ അവർ ജീവിക്കാൻ പാടുപെടുകയാണ്.

### ഇനിയും പാടണം

പച്ചപ്പനന്തത്തേ പുന്നാരപ്പൂമുത്തേ... എന്ന ഗാനം ആരും മറക്കില്ല. പക്ഷേ, ആ ഗാനം പാടി ഹിറ്റാക്കിയ മച്ചാട്ട് വാസന്തി പ്രാഥമിക കൃത്യങ്ങൾക്ക് പോലും പ്രയാസപ്പെട്ട് നാലുമാസമായി കിടപ്പിലാണ്. ഒരു യാത്രക്കിടെ വീണ് കാലൊടിയുകയായിരുന്നു. ഒന്നരവർഷം മുമ്പ് ടാഗോർ ഹാളിലെ പരിപാടി കഴിഞ്ഞ് മടങ്ങവെ ഓട്ടോമറിഞ്ഞ് നട്ടെല്ലിന് ക്ഷതം സംഭവിച്ചത് മാറുന്നതിന് മുമ്പാണ് പുതിയ അപകടം. നാല് വർഷത്തിനിടെ നാല് വീഴ്ച. 14 വർഷമായി തൈറോയ്ഡ് രോഗി. പാടാനുള്ള പരക്കംപാച്ചിലിൽ ചികിത്സകൾ മുടങ്ങി. 35 വർഷം മുമ്പ് ഭർത്താവ് മരിച്ചതിന് പിന്നാലെ കടം കയറി സ്വന്തം വീടും സ്വത്തും നഷ്ടമായി. 15 മാസം താമസിച്ചത് 18 വാടക വീടുകളിൽ. രണ്ട് സഹോദരിമാരും ഒരു സഹോദരനും വേർപിരിഞ്ഞു. ഒരു ജീവിതകാലം മുഴുവൻ പാടി സ്വരൂപിച്ച് വാങ്ങിയ ഫറോക്ക് തിരിച്ചലങ്ങാടിയിലെ ആറ് സെൻറിലെ ചോരുന്ന വീട്ടിൽ ചുമരിൽ ഇഷ്ടഗായികയായ എസ്. ജാനകിയുടെ പടം വെച്ച് കാലുനീട്ടിയിരുന്ന് അവർ പാടുന്നു. മലയാളിയുടെ ഇഷ്ടഗായികമാരിൽ ഒരാളായിരുന്ന അവർക്കിന്ന് 73 വയസ്സായി. പാട്ടുകൾ മറന്നിട്ടില്ല. സ്വരം ഇടറിയിട്ടില്ല. ഏകാന്തതയുടെ മുറിയിൽ കാണാൻ എത്തുന്നവർക്കെല്ലാം നൽകാൻ പാട്ടിൻെറ സദ്യയല്ലാതെ മറ്റൊന്നും കൈയിലില്ല.

പക്ഷേ, ജീവിതം മുന്നോട്ടുപോകണമെങ്കിൽ എഴുന്നേറ്റ് നടക്കണം. ഇനിയും നൂറായിരം സ്റ്റേജുകളിൽ പാടണം. ജീവിക്കാൻ വേറെ വഴിയില്ല. കിടന്ന കിടപ്പിലാണ് മലമൂത്രവിസർജനം പോലും. മാസത്തിൽ രണ്ടുതവണ മെഡിക്കൽ കോളജിൽ പോയി കാൽ കെട്ടിക്കണം. തൈറോയ്ഡ് രോഗത്തിനും ചികിത്സ വേണം. മരുന്നിനും മറ്റ് ആവശ്യങ്ങൾക്കുമെല്ലാം കൂടി മാസം പതിനായിരം രൂപയെങ്കിലും വേണം. അടുത്ത മഴക്ക് മുമ്പെങ്കിലും വീടിൻെറ ചോർച്ച തീർക്കണം. ദുരിതങ്ങൾ കണ്ടറിഞ്ഞവരുണ്ട്. മലയാളത്തിൻെറ മഹാനടൻ മമ്മൂട്ടി അടക്കം ഏറെ പേർ. അതുകൊണ്ടാണ് ഇതുവരെയുള്ള ചികിത്സകളെങ്കിലും നടത്തിയത്. കോഴിക്കോട്ട് നടത്തിയ മോഹനം പരിപാടിയിൽ സഹായം ലഭിക്കുമെന്ന് പറഞ്ഞിരുന്നു. ലഭിച്ചിട്ടില്ല. ആ പരിപാടിക്ക് തലേദിവസമാണ് കാൽകുഴമറിഞ്ഞ് വീണത്. 17ാം വയസ്സിൽ തുടങ്ങിയ പാട്ടു ജീവിതമാണ്. തുച്ഛമായ തുകക്കും പ്രതിഫലമില്ലാതെയുമെല്ലാം പാടിയത് ആയിരക്കണക്കിന് വേദിയിൽ. സിനിമയിൽ നിറഞ്ഞത് എണ്ണം പറഞ്ഞ പാട്ടുകളിൽ. ഇപ്പോഴും പാട്ടിന് ആളുകൾ തേടിയെത്തുന്നവരുണ്ട്. പക്ഷേ, സ്ഥിതി കണ്ടാൽ പിൻവാങ്ങും. 'അമ്മ'യുടെ കൈനീട്ടമോ സർക്കാറിൻെറ പെൻഷനോ ഇല്ല. സിനിമയിലെ സൗഹൃദത്തിൻെറ കൂട്ടുമില്ല. പാടിത്തീർത്ത അനുഭവങ്ങൾ മാത്രമാണ് സമ്പാദ്യം. അനുഭവിച്ച ദുരിതം വരികൾ തീരാത്ത ശോകഗാനമാണ്. എങ്കിലും ഒരിക്കൽക്കൂടി സ്റ്റേജിൽ കയറിപ്പാടണം, വാസന്തി പറയുന്നു.

### ഓർമയുണ്ടോ ആ പാൽക്കാരനെ

നാടോടിക്കാറ്റ് സിനിമയിലെ ദാസൻെറയും വിജയൻെറയും പശുവിനെ കറക്കാൻ കൂളിങ് ഗ്ലാസ്വെച്ച് എത്തുന്ന പാൽക്കാരനെ ആരും മറക്കില്ല. സിനിമയിലും നാടകങ്ങളിലും ചിരിയുടെ മാലപ്പടക്കങ്ങൾ പൊട്ടിച്ച് നമ്മെ ചിരിപ്പിച്ച ഈ നടൻ പക്ഷേ, ഇപ്പോൾ രോഗങ്ങൾ ബാധിച്ച്, സ്വന്തമായി ഒരു വീടുപോലുമില്ലാതെ വേദന സഹിക്കുകയാണ്. രണ്ടുവർഷം മുമ്പ് കരൾ രോഗവും ഹൃദയാഘാതവും പ്രമേഹവും ഒന്നിച്ചുവന്നതോടെ അഭിനയം നിർത്തേണ്ടി വന്നു. കോഴിക്കോട് നെല്ലിക്കോട് വില്ലിക്കൽ കോട്ടക്കുന്നിലെ മകളുടെ വീട്ടിൽ പത്തടി നടക്കാൻ കഴിയാതെ കിതച്ച്, കിതച്ച് ഈ പഴയ നടൻ ഇരിക്കുന്നു. ഒരു ജീവിതകാലം അഭിനയിച്ചും നാടകമെഴുതിയും വാങ്ങിയ മൂന്ന് സെൻറ് ഭൂമിയായിരുന്നു സമ്പാദ്യം. ആറ് പെൺമക്കളെ വിവാഹം ചെയ്ത് അയച്ചതോടെ ഇത് കടം കയറി വിറ്റു. സ്കൂളിൽ 10ാം തരത്തിൽ പഠിക്കുമ്പോൾ തുടങ്ങിയ അഭിനയമാണ്. കോഴിക്കോട്ടെ കാർണിവൽ നാടകസംഘത്തിൽ കുതിരവട്ടം പപ്പു, കുഞ്ഞാണ്ടി, നെല്ലിക്കോട് ഭാസ്കരൻ, കുഞ്ഞാവ, ബാലൻ കെ. നായർ എന്നിവരടങ്ങുന്ന സംഘത്തിലെ ജീവിച്ചിരിക്കുന്ന ഒരേയൊരാളാണ്. കോർപറേഷൻ സ്റ്റേഡിയം ഭാഗത്ത് നടന്നിരുന്ന കാർണിവലിൽ ആയിരക്കണക്കിന് നാടകങ്ങളാണ് എഴുതി അഭിനയിച്ചത്. വയനാടൻ തമ്പി, ആവനാഴി, ഉണ്ണികളേ ഒരു കഥ പറയാം, നാടോടിക്കാറ്റ്, നരേന്ദ്രൻ മകൻ ജയകാന്തൻ വക, അബ്കാരി, അദ്വൈതം തുടങ്ങിയ 150 ഓളം സിനിമകളിൽ അഭിനയിച്ചു. തെങ്ങുകയറ്റക്കാരൻ മുതൽ വൈദ്യൻ വരെ വേഷങ്ങൾ ചെയ്തു. ശ്രീനിവാസൻെറ സംവിധാനത്തിലും ടി. ദാമോദരൻെറ തിരക്കഥയിലും രൂപംകൊണ്ട മിക്ക സിനിമകളിലും പാടൂർ ഉണ്ടായിരുന്നു. ഇനിയൊരു ജോലിക്ക് പോകാനാവില്ല. രണ്ടുവർഷം മുമ്പാണ് രോഗം കലശലായത്. തുടർന്ന് ദിവസങ്ങളായി ആശുപത്രിയിലായിരുന്നു. നടൻ ശ്രീനിവാസൻ അടക്കം നൽകിയ സഹായ തുകകൊണ്ടാണ് ചികിത്സ നടത്തിയത്. വീടും സമ്പാദ്യവും നഷ്ടപ്പെട്ട്, പെരുവഴിയിൽനിന്നാണ് മകളുടെ വാടകവീട്ടിൽ അഭയം തേടിയത്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സുമനസ്സുകളുടെ കാരുണ്യത്തിൽ മൂന്ന് സെൻറ് സ്ഥലത്ത് വീടുപണി പാതി വഴിയിലാണ്. കയറിക്കൂടണമെങ്കിൽ ഇനിയും പണം വേണം. 66 വയസ്സായി. ഭാര്യ ഗിരിജയും രോഗിയാണ്. 15ാം വയസ്സിൽ തുടങ്ങിയ കലാജീവിതം തിരിച്ചുപിടിക്കാമെന്ന വ്യാമോഹമില്ല. ഒരു ജീവിതം മുഴുവൻ കഷ്ടപ്പെട്ടു. ഇനി സ്വന്തമായി ഒരു വീട്ടിൽ സമാധാനത്തോടെ ഇരിക്കാനുള്ള ആഗ്രഹം മാത്രമാണ് ബാക്കി.



രാജൻ പാടൂർ

### എഡിറ്റിങ്ങില്ലാത്ത ജീവിതം

വാക്കുകൾ പിശുക്കി ഉപയോഗിക്കുന്നയാളാണ് എം.ടി. വാസുദേവൻ നായർ. അദ്ദേഹത്തിൻെറ തിരക്കഥയിലുള്ള സിനിമ എഡിറ്റ് ചെയ്ത അസോസിയേറ്റ് എഡിറ്ററെ അധികമാരും ഓർത്തുവെക്കുന്നുണ്ടാവില്ല. പേര് വൽസൻ ഡിക്രൂസ്. മികച്ച തിരക്കഥക്കുള്ള ദേശീയ അവാർഡ് നേടിയ 'സദയം' സിനിമയുടെ തിരക്കഥക്ക് മൂന്നരമണിക്കൂറോളമായിരുന്നു ദൈർഘ്യം. ഇത് രണ്ടര മണിക്കൂറായി കുറക്കാൻ എഡിറ്റർ എൽ. ഭൂമിനാഥനോടൊപ്പം പ്രവർത്തിച്ചയാൾ. ഭരതം, കിരീടം, ഹിസ്ഹൈനസ് അബ്ദുല്ല, ആകാശദൂത്, തലസ്ഥാനം, കിരീടം, മുന്നേറ്റം, തൃഷ്ണ, സ്ഫോടനം തുടങ്ങിയ എണ്ണം പറഞ്ഞ സിനിമകൾ ലോകം കണ്ടത് ഈ കൈവിലാസത്തിലൂടെ. 17ാം വയസ്സിൽ ചെന്നൈയിലേക്ക് സിനിമാമോഹവുമായി വണ്ടി കയറിയതാണ്. ഐ.വി. ശശി, സിബി മലയിൽ, ശ്രീകുമാരൻ തമ്പി, ഷാജി കൈലാസ് തുടങ്ങിയവരുടെ കൂടെയെല്ലാം പ്രവർത്തിച്ചു. എഡിറ്റ് ചെയ്തത് 175ഓളം സിനിമകൾ. ഇപ്പോൾ പ്രമേഹം വർധിച്ച് കാൽമുറിക്കേണ്ടി വന്ന് വീട്ടിൽ കിടപ്പിലാണ്. പരസഹായത്തോടെ മാത്രമേ വീൽചെയറിൽപോലും ഇരിക്കാൻ പറ്റൂ. രോഗം അടുത്ത കാലിനെയും കൂടി ബാധിച്ചതിനാൽ ആ കാലും മുറിക്കേണ്ട അവസ്ഥയിലാണ്.

മുറിച്ച കാൽ ഉണങ്ങുന്നേയുള്ളൂ. ഇനി അതിൽ കൃത്രിമ കാൽ പിടിപ്പിക്കണം. ഇതിനുവേണ്ടി കാൽ ദിവസവും ഫിസിയോ തെറപ്പി ചെയ്യണം. ഇതിന് ഓരോ ദിവസവും 500 രൂപ വേണം. മരുന്നിന് ഓരോ ആഴ്ചയും 1500 രൂപ വേണം. ഇതിന് പുറമെ, അയ്യായിരം രൂപ വീട്ടുവാടക, മക്കളുടെ പഠനം, വീട്ടുചെലവ്... ഭാര്യയും മൂന്ന് മക്കളോടുമൊപ്പം ചേവായൂർ കിഷ്കോ നഗറിലെ പൊലീസ് കോളനിയിൽ വാടകവീട്ടിലാണ് താമസം. ഭാര്യക്ക് സ്വകാര്യ സ്ഥാപനത്തിൽ ജോലിയുണ്ടായിരുന്നെങ്കിലും ചികിത്സക്കും മറ്റും കൂടെ ആൾ നിൽക്കേണ്ടതിനാൽ പോകാൻ കഴിയില്ല. സിനിമ രംഗത്തുള്ള ഷാജൂൺ കാര്യാൽ അടക്കമുള്ള സുഹൃത്തുക്കൾ ഏറെ സഹായിച്ചു. മോഹനം പരിപാടിയിൽ നിന്ന് 15,000 രൂപ ലഭിച്ചു. പ്രായം 55 ആയിട്ടേയുള്ളൂ. ജീവിതം ഇനിയും മുന്നോട്ടു നീങ്ങേണ്ടിയിരിക്കുന്നു. •



വൽസൻ ഡിക്രൂസ്